N E R V E E D H I
Volume -13, Issue - 08, 10th August 2024, Monthly, Price ₹ 25, Published at Kottayam
വാല്യം–13, ലക്കം–08, ആഗസ്റ്റ് 2024 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## മക്കൾ ഉത്തരവാദിത്വം ഉള്ളവർ ആകുവാൻ...?

പേജ് 16

# ശക്തരാകുവാൻ...

പ്രശ്നങ്ങളെയോ പ്രതിസന്ധികളെയോ ഭയപ്പെടേണ്ടവരല്ല ദൈവമക്കൾ. പ്രത്യുത, സകലത്തെയും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്ന ദൈവം നമ്മുടെ ഗുണത്തിനായി നമ്മോടു കൂടെയിരുന്നു പ്രതികൂലങ്ങളിലൂടെ നമ്മെ ശക്തരും ശുദ്ധരുമാക്കിത്തീർക്കുന്ന മഹത്തായ അനുഭവങ്ങളാണ് പ്രദാനം ചെയ്യുന്നതെന്ന് ബോധ്യപ്പെടേണ്ടതുണ്ട്.

സസൂക്ഷ്മം പാരമ്പര്യ കൃഷിരീതികൾ നിരീക്ഷിച്ചാൽ ചേന മുതലായവ നട്ടതിനു ശേഷം അതിനു മീതെയുള്ള മണ്ണ് ശക്തമായി ചവിട്ടിയുറപ്പിക്കുന്നതു കർഷകരുടെ രീതിയാണ്. ഇതിൽ വലിയ ഗ്രാഹ്യമില്ലാത്തവർ ചേനക്കൃഷിക്ക് അത് ദോഷമായിരിക്കുകയില്ലേ എന്ന് ചിന്തിക്കുവാൻ സാധ്യതയുണ്ട്. എങ്കിലും ചേനയുടെ മുള മണ്ണിനെ ഭേദിച്ച് ശക്തിയോടെ മുളയ്ക്കുവാൻ ഈ പ്രവൃത്തി സഹായിക്കുന്നു. അതിശക്തമായ കാറ്റ് വീശിയടിക്കുന്ന മലനാടുകളിൽ വളർന്നു വരുന്ന വൃക്ഷതൈകൾ വലുതാകുമ്പോൾ കാതലുള്ളതും ബലമേറിയതുമായി ഉപയോഗപ്പെടുന്നു. കാഴ്ചയിൽ ഇടനാടുകളിൽ വളരുന്ന വൃക്ഷങ്ങളുടെ അത്രയും വണ്ണം ഇല്ലെങ്കിലും അതിലും ബലമേറിയതും തദ്വാരാ കൂടുതൽ പ്രയോജനപ്രദവുമായി കാണപ്പെടുന്നു. തീയിൽ കുരുത്തത് വെയിലത്ത് വാടുകയില്ല എന്ന പഴമൊഴിയും നമുക്ക് സുപരിചിതമാണല്ലോ.

പ്രകൃതിയിലെ ചില പ്രതിഭാസങ്ങൾ മനുഷ്യന് ഒട്ടുമേ മനസ്സിലാക്കാൻ കഴിയാതെ സാധാരണക്കാരനു മാത്രമല്ല ശാസ്ത്രലോകത്തിനു പോലും പിടികൊടുക്കാതെ ഇന്നും അത്ഭുതമായി തുടരുന്നു. ഉദാഹരണത്തിന് മനോഹരമായ ഒരു ചിത്രശലഭത്തിനു ഇത്ര ചാരുതയേറിയ വർണാഭമായ ചിറകുകൾ എങ്ങനെയുണ്ടായി? അവയുടെ രൂപകൽപന എങ്ങനെ നേടുന്നു എന്നത് ഇപ്പോഴും പൂർണമായി മനസിലായിട്ടില്ല. ഇതുപോലെ മനുഷ്യജീവിതത്തിലും സകലത്തെയും നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവികപ്രവൃത്തി ഇന്നും നമുക്ക് അഗോചരമാണ്.

പ്രകൃതിയിലൂടെ ദൈവം പഠിപ്പിക്കുന്ന ഇത്തരം പാഠങ്ങൾ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന മനുഷ്യർക്ക് ശക്തി പകരുവാനുള്ള ദൈവിക പദ്ധതിയാണെന്നു മനസ്സിലാക്കുന്നത് സന്തോഷത്തോടെ ദുർഘടങ്ങളെ തരണം ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കുന്നു. യുദ്ധമെന്തെന്നറിയാത്ത യിസ്രായേൽ ജനങ്ങളെ യോദ്ധാക്കളും യുദ്ധസന്നദ്ധരുമാക്കിത്തീർത്ത ദൈവിക പദ്ധതികൾ, ഭയരഹിതരായി പ്രതിസന്ധികളെ ഭേദിച്ചു കൊണ്ട് മുന്നേറുവാൻ നമ്മുടെ പ്രബോധനത്തിനും ധൈര്യത്തിനും ആശ്വാസത്തിനുമായി ഈ ലക്കത്തിലെ സന്ദേശത്തിലൂടെ ഊന്നൽ നൽകി വിശദീകരിക്കുന്നു.

നമ്മെ ആത്മിക വളർച്ചയിലേക്ക് നയിക്കുന്നതാണ് തുടർന്നുള്ള ഓരോ ലേഖനങ്ങളും. അനുഭവസമ്പന്നരും ആത്മാവിനാൽ നടത്തപ്പെടുന്നവരുമായ എഴുത്തുകാരിലൂടെ നമുക്ക് ലഭിച്ച ഓരോ ലേഖനങ്ങളും ആഴത്തിൽ പഠിക്കണമെന്നു അഭ്യർത്ഥിക്കുന്നു. വായനാശീലം കുറഞ്ഞു വരുന്ന ഇക്കാലയളവിൽ അന്യോന്യവും വിശേഷാൽ തലമുറകളെയും, തിരുവെഴുത്തും മാസികയും ഇതര ആത്മിക ഗ്രന്ഥങ്ങളും വായിക്കുവാൻ ഉത്സാഹിപ്പിക്കണമെന്നു ഓർമ്മിപ്പിച്ചു കൊണ്ട് ഓഗസ്റ്റ് ലക്കം പ്രാർത്ഥനാപൂർവ്വം സമർപ്പിച്ചു കൊള്ളുന്നു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

പുസ്തകം 13 ലക്കം 8
ആഗസ്റ്റ് 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**യുദ്ധം യോദ്ധാവിനെ വെളിപ്പെടുത്തുന്നു** 4
ജോയ് എം. തോമസ്

**ആവണക്കും മനുഷ്യരും** 7
സാജു മാത്യു

**യേശുക്രിസ്തു എന്ന മഹാപുരോഹിതൻ** 9
ചെയ്സ് ജോസഫ്

**സ്വർഗീയദൗത്യം വിസ്മരിക്കരുത്** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ക്ഷമിക്കുന്ന ഹൃദയം** 13
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**മക്കൾ ഉത്തരവാദിത്വം ഉള്ളവർ ആകുവാൻ...?** 16
ഡോ. സജികുമാർ കെ. പി.

**വരമൊഴി ശുശ്രൂഷയുടെ പ്രസക്തി** 18
പി വി വർഗീസ്

**വനിതാ വീഥി** 21

**വേദ അധ്യയനം** 23
ജോയ് എം. തോമസ്

**എന്നോട് പഠിപ്പിൻ** 26

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# യുദ്ധം യോദ്ധാവിനെ വെളിപ്പെടുത്തുന്നു.

റഷ്യയും ഉക്രെയിനുമായുള്ള യുദ്ധം വിരാമം ഇല്ലാതെ നീളുകയാണ്. 2022 ഫെബ്രുവരി 24 ന് റഷ്യ ഉക്രെയിനെ ആക്രമിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഒരു യൂറോപ്യൻ രാജ്യത്തിന് നേരിട്ട ഏറ്റവും വലിയ ആക്രമണമാണ് ഈ നീളുന്ന യുദ്ധം. റഷ്യയും ഉക്രെയിനും ആയുള്ള സംഘർഷം 2014 ൽ ആരംഭിച്ചതാണ്. 18% ഉക്രെയിൻ പ്രദേശങ്ങൾ റഷ്യ കീഴ്പ്പെടുത്തിയിരുന്നു. ഈ യുദ്ധം ലോകത്തിന് ഏൽപ്പിച്ച ആഘാതത്തിന് ആക്കം വർദ്ധിപ്പിക്കുന്നതാണ് ഇസ്രായേൽ ഹമാസ് യുദ്ധം. ഇതും നീണ്ടു  പോവുകയാണ്. ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവമക്കൾ ഉണരേണ്ടിയിരിക്കുന്നു.

ആത്മീയലോകത്തും നീണ്ടുനിൽക്കുന്ന ഒരു യുദ്ധമാണ് നടന്നുകൊണ്ടിരിക്കുന്നത്. പിശാച് ദൈവമക്കൾക്കെതിരെയുള്ള ആക്രമണം തുടരുകയാണ്. ഈ ആത്മീയ യുദ്ധം നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതാണ് വാസ്തവം. പിശാചിനെ പരാജയപ്പെടുത്തുവാൻ വിളിക്കപ്പെട്ടവരാണ് ദൈവമക്കൾ.

യുദ്ധം നമ്മെ അധൈര്യപ്പെടുത്തുവാനോ ഭീരുക്കൾ ആക്കുവാനോ അല്ല. പ്രത്യുത, നമ്മെ പരാക്രമികളായ യോദ്ധാക്കൾ ആക്കിത്തീർക്കുവാനാണ്. ദൈവത്തിന്റെ  ജനമായി അറിയപ്പെട്ടിരുന്ന ഇസ്രായേൽ ഒരു നല്ല ഉദാഹരണമാണ്. മിസ്രയീമിൽ അടിമകളായിരുന്ന അവർ അടിമവേല മാത്രമേ ശീലിച്ചിരുന്നുള്ളൂ. അവരുടെ അവകാശങ്ങൾ എന്ന് പറയുവാനവർക്ക് ഒന്നും ഉണ്ടായിരുന്നില്ല. ഊഴിയവിചാരകന്മാരുടെ അടിയും ആട്ടും കൊണ്ട് ചങ്ക് മുറിഞ്ഞ് അവർ വേല ചെയ്തു. തങ്ങളുടെ അരുമസന്താനങ്ങളെ വളർത്തുവാനുള്ള അധികാരവുംഅവകാശവും നഷ്ടപ്പെട്ടു ഹതഭാഗ്യരായിത്തീർന്നവർ! എന്നാൽ ദൈവം അവരെ അടിമത്തത്തിൽ നിന്നും വിടുവിച്ചപ്പോൾ ‘ഇസ്രായേൽ മക്കൾ മിസ്രയീം ദേശത്തുനിന്ന് യുദ്ധസന്നദ്ധരായിപുറപ്പെട്ടുഎന്നാണ്’(പുറപ്പാട്13:18). എന്നാൽ അവർ യുദ്ധം ചെയ്യുവാൻ കഴിയുന്ന യോദ്ധാക്കൾ ആയിരുന്നില്ല. യുദ്ധം ഉണ്ടായാൽ അവർ ഭയപ്പെടുമെന്ന് ദൈവം കണ്ടു. (പുറപ്പാട് 13:17). എങ്കിലും അവർ യുദ്ധസന്നദ്ധരായിരുന്നു. യുദ്ധം ചെയ്യുക എന്നത് അവർക്ക്

**അവരുടെ അവകാശങ്ങൾ എന്ന് പറയുവാനവർക്ക് ഒന്നും ഉണ്ടായിരുന്നില്ല. ഊഴിയവിചാരകന്മാരുടെ അടിയും ആട്ടും കൊണ്ട് ചങ്ക് മുറിഞ്ഞ് അവർ വേല ചെയ്തു. അവരുടെ അരുമസന്താനങ്ങളെ വളർത്തുവാനുള്ള അധികാരവുംഅവകാശവും നഷ്ടപ്പെട്ട ഹതഭാഗ്യരായിത്തീർന്നവർ!**

അനിവാര്യമായ കാര്യമായിരുന്നു. ചുറ്റും അവർക്ക് ശത്രുക്കൾ ആയിരുന്നു. യുദ്ധം കൂടാതെ അവരുടെ വാഗ്ദത്ത ദേശം അവർക്ക് അവകാശം ആക്കുവാൻ കഴിയുമായിരുന്നില്ല.

ജനം യഥാർത്ഥത്തിൽ യോദ്ധാക്കൾ ആയിരുന്നില്ല. എങ്കിലും അവർക്കു മുമ്പായി യാത്ര ചെയ്ത യഹോവയായ ദൈവം യുദ്ധവീരനായിരുന്നു (പുറപ്പാട് 13: 21). യുദ്ധം ദൈവത്തിന്റേതു എന്നത് മാറ്റമില്ലാത്ത വ്യവസ്ഥയാണ് (2 ദിനവൃത്താന്തം20:15). എക്കാലവും അത് അങ്ങനെ തന്നെയാണ്. അടിമവേല ചെയ്തു മാത്രം പരിചയമുണ്ടായിരുന്ന ഇസ്രായേൽ, യോദ്ധാക്കളായി രൂപപ്പെട്ടു. അവർ നേരിടേണ്ടി വന്ന യുദ്ധങ്ങൾ അവരെ യോദ്ധാക്കൾ ആക്കിത്തീർത്തു.

ഇന്ന് അക്ഷരാർത്ഥത്തിൽ ഇസ്രായേൽ ശത്രുക്കളാൽ ചുറ്റപ്പെട്ട് കിടക്കുകയാണ്. എന്നാൽ എല്ലാവർക്കും ഭയമായി ഈ കൊച്ചുരാഷ്ട്രം തല ഉയർത്തി നിൽക്കുവാൻ കാരണം എന്ത്? അവരുടെ മേലുള്ള ദൈവത്തിന്റെ കടാക്ഷം മാത്രമാണ് അവരെ പോരാളികളാക്കി നിലനിർത്തുന്നത്. യുദ്ധം അവരെ കൂടുതൽ ശക്തിശാലികളും വീരന്മാരും ആക്കിത്തീർത്തിരിക്കുന്നു.

ബാലനും ആട്ടിടയനുമായ ദാവീദിൽ ദൈവം കണ്ടത് ഇസ്രായേലിനെ ഭരിക്കുവാനുള്ള രാജാവിനെയാണ്. ദൈവം ശമുവേലിനോട് അരുളിച്ചെയ്തു: 'കൊമ്പിൽ തൈലം നിറച്ചു പുറപ്പെടുക, ഞാൻ നിന്നെ ബേത്‌ലഹേമ്യനായ യിശ്ശായിയുടെ അടുക്കൽ അയയ്ക്കും, അവന്റെ മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു എന്ന് കൽപ്പിച്ചു' (1 ശമുവേൽ 16: 1) ആട്ടിൻ കൂട്ടത്തെ മേയിച്ചും കൊണ്ടുള്ള ദാവീദിന്റെ ദുഷ്കരമായ ജീവിതവും, ആട്ടിൻകുട്ടിയെ വേട്ടയാടിയ കരടിയും സിംഹവും ദാവീദിൽ ഒരു യോദ്ധാവിനെ വാർത്തെടുത്തു. ആയുധങ്ങൾ ഇല്ലാത്തവനെങ്കിലും ദാവീദ് ധീരനും പരാക്രമിയുമായിത്തീർന്നു. ദാവീദിന്റെ ആയുധം തന്റെ ദൈവത്തിലുള്ള പൂർണ്ണ ആശ്രയം ആയിരുന്നു. ഗോല്യാത്തിനെ നേരിടുന്ന ദാവീദ് ബാലനായിരുന്നു. എങ്കിലും ഒരു ധീര യോദ്ധാവായിരുന്നു. യുദ്ധം ദാവീദിനെ വീരനായ യോദ്ധാവാക്കി മാറ്റി. ഇസ്രായേൽ പുത്രിമാർ പാടി: 'ശൗൽ ആയിരത്തെ കൊന്നു ദാവീദ് പതിനായിരത്തെ'. ബാലനായ ആട്ടിടയൻ കുന്തവും പരിചയും വാളും ഒന്നുമില്ലാതെ വെറും കവിണയും കല്ലും മാത്രം ഉപയോഗിച്ച് രാക്ഷസ സമാനനായ ഗോല്യാത്തിനെ തറപറ്റിച്ചിരിക്കുന്നു. ദാവീദ് എന്ന യോദ്ധാവ് എല്ലാവരുടെയും കാഴ്ചയിൽ ഒരു അത്ഭുതമായിരുന്നു.

അസൂയ മൂത്ത ശൗലിൽ നിന്നും രക്ഷ നേടുവാൻ ഒളിത്താവളങ്ങൾ അന്വേഷിച്ച് ഓടിപ്പോയ, അലഞ്ഞുതിരിഞ്ഞു നടന്ന, ദാവീദിനോടൊപ്പം ചേരുവാൻ തയ്യാറായത് 'ഞെരുക്കം ഉള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ' എന്നിവരായിരുന്നു (1 ശമുവേൽ 22 :2). ദാവീദ് അവരുടെ തലവനായി. ഇവർ ആരും യോദ്ധാക്കൾ ആയിരുന്നില്ല. എന്നാൽ സാവകാശത്തിൽ അവർ വീര പരാക്രമികളായി രൂപപ്പെട്ടു തുടങ്ങി. തുടർച്ചയായ പോരാട്ടങ്ങൾ അവരെയും യോദ്ധാക്കളായി രൂപപ്പെടുത്തി.

ശമുവേലിന്റെ രണ്ടാം പുസ്തകം 23 ന്റെ 8 മുതലുള്ള വാക്യങ്ങൾ ദാവീദിന്റെ വീരന്മാരുടെ പട്ടിക നിരത്തുന്നു. അവരുടെ പരാക്രമ പ്രവർത്തികളും എടുത്തു പറഞ്ഞിരിക്കുന്നു. അവിടെ നിന്നും നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്ന കാര്യം, യുദ്ധം ഇവരെ വീരന്മാരാക്കിയെന്നതാണ്. യുദ്ധം ഇല്ലായിരുന്നുവെങ്കിൽ അവരും സാധാരണക്കാരായി മാത്രം കണക്കാക്കപ്പെടുമായിരുന്നു. യുദ്ധത്തിൽ അവർ ശത്രുവിനെ ജയിച്ചടക്കിയത് ആണ് അവരുടെ പരാക്രമ പ്രവർത്തി എന്ന് പറയുന്നത്.

പ്രിയരേ, ആത്മിക പോരാട്ടത്തിൽ ആയിരിക്കുന്ന നിങ്ങൾ തളരരുത്. എപ്പോഴും എനിക്ക് പോരാട്ടമാണ് എന്ന് പരിഭവിക്കരുത്. 'സാത്താനെ ക്രൂശിൽ ആയുധവർഗ്ഗം വെപ്പിച്ചു' കീഴടക്കിയ യേശുക്രിസ്തുവിനോടൊപ്പം അണിനിരന്നിരിക്കുന്ന പടയാളികൾ ആണ് നാം. 'നമുക്ക് പോരാട്ടം ഉണ്ട്. പക്ഷേ അത് ജഡവും രക്തവും ഉള്ള മനുഷ്യരോടല്ല'. അതായത് യാതൊരു മനുഷ്യനുമായും നമുക്ക് പോരാട്ടം ഇല്ല. എല്ലാവരും തമ്മിൽ സമാധാനം ആചരിക്കുവാനും സാഹോദര്യവും സഹവർത്തിത്വവും പാലിക്കുവാനും ആണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. പൗലോസ് പറയുന്നു: 'ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്ത് നിൽക്കുവാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ. 'നമുക്ക് പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രേ. അതുകൊണ്ടു നിങ്ങൾ ദുർദിവസത്തിൽ

എതിർക്കാനും സകലവും സമാപിച്ചിട്ടു ഉറച്ചു നിൽക്കാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം എടുത്തു കൊള്ളുവിൻ' (എഫെസ്യർ 6: 10 13)

കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുന്നതാണ് നമ്മെ യഥാർത്ഥ പോരാളികളാക്കിത്തീർക്കുന്നത്. ക്രിസ്തുവിൽ വസിക്കുന്നതിനാൽ അഥവാ ക്രിസ്തുവിനോട് ചേർന്നിരിക്കുന്നതിനാൽ തന്റെ സ്വഭാവത്താൽ നമ്മെത്തന്നെ സജ്ജീകരിക്കുന്നതിനാണ് കർത്താവിൽ ശക്തിപ്പെടുക എന്ന് പറയുന്നത്. മാത്രമല്ല തന്റെ അമിതബലം അഥവാ എല്ലാം കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തിയായ പരിശുദ്ധാത്മാവിനാൽ നാം നിറയപ്പെടുന്നവരാകണം. ഇ പ്രകാരം യോദ്ധാക്കളായി നാം 'ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം' ധരിച്ചു കൊണ്ട് യുദ്ധഭൂമിയിൽ പിശാചിനെതിരെ പോരാടണം. 'ദൈവത്തിന്റെ സർവായുധവർഗ്ഗമായി' വിവരിച്ചിരിക്കുന്നത് എല്ലാം നാം കണ്ടെത്തുന്നത് ക്രിസ്തുവിലാണ്. ക്രിസ്തുവിനോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജീവിതശൈലിയാണ് വിജയത്തിന് അനിവാര്യമായിരിക്കുന്നത്. ക്രിസ്തുവിനെ അനുകരിക്കുന്നവർ വിജയിയായ യേശുവിനോടൊപ്പം വിജയികളായി രൂപാന്തരപ്പെടും. സാത്താന്റെ മേൽ ക്രിസ്തു നേടിയ വിജയം നാം നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാക്കുമ്പോൾ നാം വിജയികൾ ആയിത്തീരുന്നു.

പിശാചിനോടുള്ള പോരാട്ടത്തിൽ യുദ്ധക്കളം എന്നത് നമ്മുടെ മനസ് അഥവാ ചിന്താമണ്ഡലമാണ്. നമ്മുടെ ചിന്തകൾ സത്യം, നീതി, സമാധാനം, വിശ്വാസം, രക്ഷ തുടങ്ങിയ ദിവ്യഗുണങ്ങളാൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നവ ആയിരിക്കണം. അതിന് എതിരെ വരുന്നത് സാത്താനിൽ നിന്നുമുള്ള തീയമ്പുകളാണ്. മാനുഷികവും സാത്താന്യവുമായ ചിന്തകളെ അകറ്റി ദൈവവചനത്താൽ നമ്മുടെ ചിന്താമണ്ഡലം ശുദ്ധീകരിക്കപ്പെടണം. ചിന്തകൾ ശരിയായാൽ ജീവിതം ശരിയാകും. വിജയജീവിതം സാധ്യമാകും.

നമുക്ക് നേരിടുന്ന വിവിധ തരത്തിലുള്ള പോരാട്ടങ്ങളും പരിശോധനകളും നമ്മെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കുന്നതിനുതകട്ടെ. കർത്താവിനോട് ചേർന്നുനിന്ന് തന്റെ ദിവ്യസ്വഭാവത്താൽ നിറയപ്പെടുവാൻ നമുക്ക് ആഗ്രഹിക്കാം. അപ്പോൾ പരിശുദ്ധാത്മാവും, ദൈവത്തിന്റെ സർവായുധവർഗ്ഗങ്ങൾ അണിയിച്ച് വീരയോദ്ധാക്കളാക്കി പിശാചിനെതിരെ ധീരമായി നിൽക്കുവാൻ നമ്മെ പ്രാപ്തരാക്കും. ഓരോ ആത്മീയ യുദ്ധവും നമ്മെ പരാക്രമികളായ ആത്മീയയോദ്ധാക്കളാക്കി മാറ്റിക്കൊണ്ടിരിക്കും. ഇത് ഗ്രഹിക്കുവാൻ കർത്താവ് നമുക്ക് കൃപ നൽകട്ടെ. •

## പ്രകൃതിയിലൂടെ സംസാരിക്കുന്ന ദൈവം

**പ്രകൃതിയെ സസൂക്ഷ്മം നിരീക്ഷിക്കുന്ന പക്ഷം ദൈവത്തെക്കുറിച്ചുള്ള പല വെളിപ്പെടുത്തലുകളും ദൈവം നൽകുന്ന പല ദൂതുകളും ലഭ്യമാണ്. പൂർണ്ണവളർച്ചയിലെത്തിയ ഒരു റോസാപുഷ്പത്തെ കാലുകൊണ്ട് ചവിട്ടിയരച്ചാലും ആ പുഷ്പം തിരികെ നല്കുന്നത് അതിന്റെ സൗരഭ്യം മാത്രമായിരിക്കും! നിറയെ മാമ്പഴങ്ങളുമായി നിൽക്കുന്ന മാവിനു നേരെ ആരെങ്കിലും കല്ലെറിഞ്ഞാൽ സ്വാദിഷ്ടമായ മാമ്പാഴമല്ലേ എറിഞ്ഞവർക്കു തിരികെ ലഭിക്കുക! മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിന് വേണ്ടി കാൽവറിയിൽ തകർക്കപ്പെടുമ്പോഴും പരിഹസിക്കപ്പെടുമ്പോഴും അങ്ങനെ ചെയ്തവരോട് ക്ഷമിക്കണമേയെന്നു ക്രൂശിൽ കിടന്നു പ്രാർത്ഥിക്കുന്ന യേശുവിലും നാം കാണുന്നത് മേലുദ്ധരിച്ച അതേ അനുഭവമല്ലേ? ഇങ്ങനെ മാതൃക കാണിച്ചു കൊണ്ടാണ് 'നന്മയാൽ തിന്മയെ ജയിക്കുക' എന്ന് യേശു നമ്മെ പ്രബോധിപ്പിച്ചത്. യേശുവിൽ കണ്ട ഇത്തരം അനുഭവങ്ങളും പ്രബോധനങ്ങളും വാക്കും ഭാഷണവും കൂടാതെ പ്രകൃതിയിൽ നിന്നും നമുക്ക് ലഭിക്കുന്നത് എത്രയോ അത്ഭുതമാണ്!**



സാജു മാത്യു

# ആവണക്കും മനുഷ്യരും

***'എന്നാൽ വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ ചില്വാനം മനുഷ്യരും അനേകം മൃഗങ്ങളുമുള്ള മഹാനഗരമായ നിനെവേയോട് എനിക്ക് അയ്യോഭാവം തോന്നരുതോ?" എന്നു ചോദിച്ചു (യോനാ 4:11)***

**ഒ**രിക്കൽ ഞാൻ മദ്ധ്യപ്രദേശിലെ ഹോഷംബാദിൽ നർമ്മദാനദിയുടെയും തവാനദിയുടെയും സംഗമസ്ഥാനത്ത് നില്ക്കുകയായിരുന്നു. അവിടെ അന്ന് ഒരു പ്രാദേശിക ഉത്സവം നടക്കുന്നുണ്ട്. നദീതീരത്ത് ഒരു ആൾക്കൂട്ടം അവരുടെ ദേവസ്തുതികളുടെ അകമ്പടിയോടെ ബഹളമുണ്ടാക്കിവരുന്നതു കണ്ട് ഞാൻ അവിടേക്ക് നടന്നുചെന്നു. ഒരു സ്ത്രീ നിലംപറ്റെ ആ തീരത്തു കമിഴ്ന്നു കിടക്കുന്നു. കൈകൾ മുന്നോട്ടു നീട്ടിപ്പിടിച്ചിട്ടുണ്ട്. ക്ഷീണിതയാണവർ. എഴുന്നേൽക്കാൻ വയ്യ. കൂടെയുള്ള ജനങ്ങൾ അവരുടെ കൈകൾ നിലത്തു തൊട്ടിരിക്കുന്ന സ്ഥലത്ത് ഒരു വര വരച്ച് അടയാളമിട്ടു. അവരെ വലിച്ചുപൊക്കി. പിന്നെ നടക്കാൻ ശേഷിയില്ലാത്ത ആ സ്ത്രീയെ വലിച്ചുകൊണ്ടുവന്ന് അവർ വരയിട്ട സ്ഥാനത്തുനിർത്തി. നല്ല നീളമുള്ള ആ സ്ത്രീയെ വലിച്ചുകൊണ്ടുവരാൻ കൂടെയുള്ളവർ നന്നെ പാടുപെട്ടു! വീണ്ടും അവർ ആ സ്ത്രീയെ പതിയെ നിലത്തേക്കുതന്നെ കിടത്തി, കൈകൾ നീട്ടിപ്പിടിച്ച് നിലത്തു വരവരച്ചു!

"എന്താണ് ഈ ജനങ്ങൾ കാണിക്കുന്നത്?" ഞാൻ കൂടെയുണ്ടായിരുന്ന സുഹൃത്തിനോടു ചോദിച്ചു."ഇതൊരു നേർച്ചയാണ്!" സുഹൃത്തുപറഞ്ഞു. ഒരു വ്യക്തി അയാളുടെ വീട്ടിൽനിന്ന് - അതെത്ര ദൂരെയാണെങ്കിലും - നിലത്തുകിടന്ന്, അളന്ന് (scaling) വീണ്ടും എഴുന്നേറ്റുംകിടന്നും, കൈ എത്തിയിടത്തു കാലുവെച്ച് പിന്നെയും കിടന്നും... അങ്ങനെ സ്വയം അളന്ന് നർമ്മദാ-തവാ നദികളുടെ സംഗമസ്ഥാനത്തെ ജലത്തിൽ കൈ തൊടുവിച്ചാൽ അയാൾക്ക് മോക്ഷം പ്രാപിക്കാമെന്ന് - മരിച്ചാൽ സ്വർഗത്തിലെത്താമെന്ന് അവർ വിശ്വസിക്കുന്നു. ഈ സ്ത്രീ വളരെ വിദൂരത്തിൽനിന്നാവാം തന്റെ 'അളവുയാത്ര' തുടങ്ങിയത്. തീരമെത്തിയപ്പോഴേക്കും സ്വയം അളക്കാൻ കഴിയാതവണ്ണം അവശതപ്പെട്ടു അവർ തളർന്നുപോയിക്കാണണം.

ഞാൻ ആ സ്ത്രീയെനോക്കി. അവർ കരയുന്നുണ്ട്. അവരുടെ വസ്ത്രം അവിടവിടെ കീറിയിരിക്കുന്നു. ദേഹത്തു പലയിടത്തും മുറിവുകളുണ്ട്...... അതിൽനിന്നു ചോര കിനിഞ്ഞിറങ്ങുന്നു! ജനം അവരുടെ കരച്ചിലൊന്നും വകവയ്ക്കുന്നില്ല. അവർ ആവേശത്തിലാണ്. ഇതാ ഒരു വ്യക്തി കൂടെ 'മോക്ഷം' പ്രാപിക്കാൻ പോകുന്നു! കരഞ്ഞാലും നിരസിച്ചാലും അവരെ ഇനി അളവെടുപ്പിച്ച് നർമ്മദയുടെ തെളിനീരിൽ കൈ തൊടുവിക്കുകയെന്നത് തങ്ങളുടെ ഉത്തരവാദിത്വം എന്നതാണ് ജനത്തിന്റെ ചിന്ത. അതിനാണ് ജനക്കൂട്ടം മുറിവേറ്റ ആ പാവം സ്ത്രീയെ മണലിലൂടെ വലിച്ചിഴച്ച് അളവെടുപ്പിക്കുന്നത്! "ഹോ! കർത്താവേ!" ഞാൻ നിലവിളിച്ചുപോയി! 'ഇതൊക്കെ വ്യർഥമാണെന്നും വിഡ്ഢിത്തമാണെന്നും ഈ സ്ത്രീക്കോ ജനങ്ങൾക്കോ അറിയില്ലേ?' 'ഇല്ല!' കർത്താവു പറഞ്ഞു. ''ഇങ്ങനെ ചെയ്താൽ അവർ മോക്ഷം പ്രാപിക്കുമെന്നാണ് പിശാച് അവരെ വിശ്വസിപ്പിച്ചിരിക്കുന്ന കള്ളം! ഈ ജനത അജ്ഞതയിൽ നിന്നാണ് ഇതെല്ലാം ചെയ്യുന്നത്....

അവരുടെ മോക്ഷപ്രാപ്തിക്കായി ആവശ്യമായ തെല്ലാം യേശു ചെയ്തുകഴിഞ്ഞെന്ന്, കാൽവറി ക്രൂശിൽ യേശു അവർക്കുവേണ്ടി മരിച്ചുവെന്ന്, ഇതുവരെ ആരും അവരോടു പറഞ്ഞിട്ടില്ല!" ഇട ങ്കയ്യും വലങ്കയ്യും തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത പാവം ജനങ്ങൾ...! "ഇതാണു നിന്റെ ഭാരതം" കർത്താവ് വീണ്ടും എന്നോടു പറഞ്ഞു... "അത് ധാർമീയമായി അജ്ഞരായ ജനങ്ങൾ!

അനുസരണക്കേടുകൊണ്ട് (Rebellion) ആളു കൾ നരകത്തിൽ പോയാൽ അതു അവരുടെ കുറ്റ മാണ്. എന്നാൽ അജ്ഞതകൊണ്ട് ആളുകൾ നര കത്തിൽ പോയാലോ? തീർച്ചയായും എനിക്ക് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുപോകാനാ വില്ല! "ഇടങ്കയ്യും വലങ്കയ്യും തമ്മിൽ തിരിച്ചറി ഞ്ഞുകൂടാത്ത ജനം!" ഇതാണ് നിനെവേയിലെ ജനങ്ങളെക്കുറിച്ച് ദൈവം പറയുന്ന വിശേഷണം! (യോനാ 1:11). നിനെവേയിലെ ജനങ്ങൾ ദുഷ്ട ന്മാരായിരുന്നു എന്നതു വാസ്തവം (യോനാ. 1:2). എന്നാൽ നിനെവെയിലെ ജനങ്ങൾ ധാർമികമായി അജ്ഞരുമായിരുന്നു! ദുഷ്ടന്മാരായ ജനങ്ങളോ ടുപോലും യഹോവയ്ക്ക് മനസ്സലിവുണ്ട് (യോനാ 1:11). അതുകൊണ്ടാണല്ലോ നിനെവേയിലെ ദുഷ്ട ജനങ്ങളോടു സുവിശേഷം പ്രസംഗിക്കാൻ ദൈവം പ്രവാചകനായ യോനായെ പറഞ്ഞയ യ്ക്കുന്നത്! ദൈവം യോനായെ പറഞ്ഞുവിട്ട പ്പോൾ, അവർ മാനസാന്തരപ്പെടണമെന്നും അനു തപിക്കണമെന്നും ഒക്കെ ദൈവം പ്രതീക്ഷി ച്ചു....അതു സംഭവിക്കുകയും ചെയ്തു.

എന്നാൽ, നിനെവേയിലെ ജനങ്ങൾ അനുത പിക്കണമെന്നും മാനസാന്തരപ്പെടണമെന്നും ഒന്നും യോനാ ആഗ്രഹിച്ചില്ല. കാരണം, യോനായ്ക്ക് ഒരിക്കലും അവരോടു മന സ്സലിവുണ്ടായിരുന്നില്ല. അവർ ദൈവത്തിന്റെ കാരുണ്യം അനുഭവിക്കണമെന്നോ രക്ഷപ്പെടണ മെന്നോ യോനാ ആഗ്രഹിച്ചില്ല. വാസ്തവത്തിൽ യോനാ ആഗ്രഹിച്ചത് ദൈവം നിനെവേയെ ചുട്ടു ചാമ്പലാക്കണമെന്നായിരുന്നു. കാരണം, അശൂർ, ദൈവജനമായ യിസ്രായേലിന്റെ എതിരാളിക ളാണ്!

വിശ്വാസികളിലും ചിലർക്ക് ഇതേ മനോഭാവ മാണ്. "നമ്മുടെ എതിരാളികൾ" എല്ലാം തക രണം! 'സുവിശേഷവിരോധി'കളുടെ മാനസാന്ത രമല്ല, സുവിശേഷവിരോധികളുടെ നാശമാണ് പല രുടെയും കൊതി. വിശ്വാസികളെ പീഢിപ്പിക്കുന്ന രാജ്യത്ത് ഒരു ഭൂകമ്പമുണ്ടായി പതിനായിരം പേർ മരിച്ചാൽ അവരുടെ നാശത്തിൽ ദുഃഖിക്കുന്നതി നു പകരം നാം പലപ്പോഴും ഗൂഢമായി ആനന്ദി ക്കുകയല്ലേ? ഒരിക്കൽ ഒരു വിശ്വാസി സാക്ഷ്യം പറയുന്നതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി.... ജോലിയിൽ വിശ്വാസിയുടെ പ്രമോഷനു വിരോ ധമായി ഒരു 'സുവിശേഷവിരോധി' ഓഫീസിലു ണ്ടായിരുന്നത്രേ....''ദൈവമക്കളേ.. ദൈവം പ്രവർത്തിച്ചു. കഴിഞ്ഞയാഴ്ച ആ വ്യക്തി ഹാർട്ട് അറ്റാക്കു വന്നു മരിച്ചു... ഒരു സ്തോത്രം പറ യാമോ?" അദ്ദേഹം ചോദിച്ചു... ഞാൻ ഞെട്ടിപ്പോ യി... ഒരു അവിശ്വാസി – അയാൾ നമുക്ക് അനു കൂലിയോ എതിരാളിയോ ആരുമായിക്കൊള്ളട്ടെ – ഹാർട്ട് അറ്റാക്കു വന്നോ, അക്സിഡന്റു പറ്റിയോ മരിക്കുമ്പോൾ "സ്തോത്രം' പറയാൻ കഴിയുന്ന വ്യക്തി ഏതു ആത്മാവിലാണു ജീവി ക്കുന്നത്? സുവിശേഷവിരോധിക്ക് ദൈവം ഒരു പ്രൊമോഷൻ കൂടെ കൊടുത്താൽ എന്തായി രിക്കും നിങ്ങളുടെ മനോഭാവം?

നമ്മൾ യോനായുടെ പിൻതുടർച്ചക്കാരാവരു ത്. നിനെവേയിലെ ജനങ്ങളോടു സുവിശേഷം പ്രസംഗിക്കാൻ ദൈവം യോനായെ അയച്ചു... ആദ്യം യോനാ പോയില്ല (അധ്യായം 1). ദൈവം അവനെ പലപാഠങ്ങളും പഠിപ്പിച്ച് ഒടുവിൽ യോനാ നിനെവെയിലെത്തി സുവിശേഷം അറി യിച്ചു (അധ്യായം 3). എന്നാൽ അവൻ അത് 'സുവാർത്ത' (good news) ആയല്ല 'ദുർവാർത്ത' (bad news) ആയാണ് പറഞ്ഞത്: "നാല്പതുദി വസം കഴിഞ്ഞാൽ ഈ പട്ടണം ഉന്മൂലമാകും" (യോനാ 3:4) എന്നു മാത്രമാണ് അവൻ പറയു ന്നത്! വേദപുസ്തകം പരിശോധിച്ചാൽ ഏതു പ്രവാചകനും ഒരു പട്ടണത്തോടോ വ്യക്തി യോടോ നാശം പ്രവചിക്കുമ്പോൾ അതിനുമുമ്പ് "മാനസാന്തരപ്പെട്ടില്ലെങ്കിൽ'' എന്നു ചേർക്കാ റുണ്ട്... അപ്പോഴാണ് അത് 'സുവിശേഷ' മാകു ന്നത്. എന്നാൽ യോനാ "മാനസാന്തരപ്പെട്ടില്ലെ ങ്കിൽ'' എന്ന ദൈവിക ഉപാധി പ്രസംഗ ത്തിൽനിന്ന് ഒഴിവാക്കി! (അപ്പോഴത് ദുർവാർത്ത യായി). കാരണം, നിനെവേക്കാർ മാനസാന്തര പ്പെടരുത് എന്നായിരുന്നു യോനായുടെ ആഗ്രഹം.

യോനാ 'നാശം' മാത്രം പ്രസംഗിച്ചു; മാനസാ ന്തരം പ്രസംഗിച്ചില്ല! എന്നിട്ടും നിനെവെക്കാർ മാനസാന്തരപ്പെട്ടു (യോനാ 3:5). അവരുടെ അനു താപം പ്രവൃത്തിയിൽ വെളിപ്പെട്ടപ്പോൾ ദൈവം സന്തോഷിച്ചു; ദൈവം വരുത്തുമെന്നു പറഞ്ഞ

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# യേശുക്രിസ്തു എന്ന മഹാപുരോഹിതൻ

എബ്രായ ലേഖനം 5 മുതൽ 10 വരെയുള്ള ആറധ്യായങ്ങൾ യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യത്തെ വിശദമായും സ്പഷ്ടമായും വ്യക്തമാക്കുന്നു.

**അധ്യായം 5: വാക്യം 1** എന്തൊക്കെയാണ് മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കപ്പെടുന്ന പുരോഹിതരുടെ പ്രത്യേകതകൾ? എന്തൊക്കെയാണ് ഒരു പുരോഹിതന്റെ കർത്തവ്യങ്ങൾ? പുരോഹിതന്റെ ഏറ്റവും പ്രധാന കർത്തവ്യം പാപങ്ങൾക്കായി വഴിപാടും യാഗവും കഴിക്കാൻ, മനുഷ്യർക്ക് ദൈവവുമായുള്ള അകലം പരിഹരിക്കാൻ മനുഷ്യന്റെ പകരക്കാരനായി ദൈവമുമ്പാകെ ഇടിവിൽ നിൽക്കുക എന്നതാണ്. മനുഷ്യർക്കു വേണ്ടി ദൈവകാര്യങ്ങൾക്കായി നിയമിക്കപ്പെടുന്ന ആൾ ആണ് ഒരു പുരോഹിതൻ. ലോകത്തിൽ ഏതു മതസങ്കൽപ്പത്തിലും, പുരോഹിതന്മാർ സാധാരണ മനുഷ്യരുടെയും ദൈവത്തിന്റെയും ഇടയിൽ നിൽക്കുന്ന മധ്യസ്ഥന്മാർ എന്ന നിലയിൽ ആണ് കണക്കാക്കപ്പെടുന്നത്. ദൈവവും മനുഷ്യനും തമ്മിലുള്ള ഗ്യാപ് അല്ലെങ്കിൽ അകൽച്ച, എന്നതാണ് അടിസ്ഥാന പ്രശ്നം. എല്ലാ പൗരോഹിത്യ മതങ്ങളിലും പുരോഹിതന്മാർ ഈ ഇടിവിൽ നിൽക്കുന്നു എന്നാണ് സങ്കല്പം.

പഴയ നിയമത്തിൽ ദൈവം പല വ്യവസ്ഥകളനുസരിച്ചാണ് പുരോഹിതന്മാരെ നിയമിച്ചിരുന്നത്. അതെല്ലാം വരാനിരുന്ന മഹാപുരോഹിതനായ ക്രിസ്തുവിനു നിഴലുകൾ ആയിരുന്നു. ക്രിസ്തു എന്ന മഹാപുരോഹിതന്റെ ഏക യാഗം ആണ് ദൈവവും മനുഷ്യനും തമ്മിൽ ഉള്ള ഗ്യാപ് അല്ലെങ്കിൽ അകലം, എന്നെന്നേയ്ക്കുമായി പരിഹരിച്ചുകൊണ്ട് മതം എന്ന ചൂഷണത്തെ അവസാനിപ്പിച്ചത്. ഈ ഒരു വലിയ യാഗത്തെ ക്കുറിച്ചുള്ള വിശദീകരണമാണ് എബ്രായ ലേഖന കർത്താവ് ഈ വാക്യത്തിലൂടെ ആരംഭിക്കുന്നത്. ഫലപ്രദമാകാത്ത അനേകം യാഗങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ യേശുക്രിസ്തു ഒരിക്കലായി ഈ ഭൂമിയിൽ വന്ന് എന്നേക്കുമുള്ള അഥവാ നിത്യമായ യാഗം കഴിച്ചു, മനുഷ്യരുടെ പാപങ്ങളുടെ മോചനം സാധിപ്പിച്ചു എന്നതാണ് സുവിശേഷം എന്ന അത്ഭുതം നമ്മോടു പറയുന്നത്. ഈ വാക്യത്തിലുള്ള ഒരു പ്രധാന വാക്കാണ് 'നിയമനം' എന്നത്. ദൈവകാര്യത്തിൽ മനുഷ്യർക്കായി ദൈവത്താൽ നിയമിതൻ ആവുന്ന ആൾ ആണ് പുരോഹിതൻ. സ്വയം ഒരാൾക്കും ഒരു പുരോഹിതൻ എന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. അതിനു ദൈവിക നിയമനം ആവശ്യമാണ്.

**വാക്യം 2** മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കപ്പെടുന്ന ഏതു പുരോഹിതനും ബലഹീനൻ ആണ്. മറ്റുള്ളവരെ പോലെ തന്നെ ആണ് ഈ പുരോഹിതനും. അതുകൊണ്ട് യാതൊരു പ്രത്യേകതയും അവകാശപ്പെടാൻ ഇല്ലാതെ ആണ് പുരോഹിതൻ നിൽക്കുന്നത്. നിയമനം ആണ് പുരോഹിതനെ ഇടിവിൽ നിർത്തുന്നത്, അല്ലാതെ സ്വന്ത യോഗ്യതകൾ അല്ല.

ഇന്ന് നാം പല പ്രസംഗങ്ങളും കേൾക്കുമ്പോൾ അവർ നമ്മിൽ നിന്നും വളരെ വ്യത്യസ്തരും, പ്രത്യേക വിശുദ്ധി ഉള്ളവരും ദൈവത്തോട് കൂടുതൽ അടുത്തവരും ആണെന്ന് ഒരു

പ്രതീതി ഉണ്ടാക്കുന്നു. തങ്ങളിൽ ഒരു പാപവും ഇല്ല എന്ന് അവകാശപ്പെടുന്ന അനേകം പ്രസംഗകരും ഇന്ന് നമ്മുടെ സമൂഹത്തിൽ വർധിച്ചിരിക്കുന്നു. എന്നാൽ ദൈവം നിയമിക്കുന്നവരിൽപോലും എല്ലാവരും എന്നും ബലഹീനർ ആയിരുന്നു. കൃപ മാത്രമാണ് അവരെ അതാതു സ്ഥാനങ്ങളിൽ നിർത്തിയിരുന്നത്.

എന്തിനാണ് ദൈവം ബലഹീനരെ നിയമിച്ചത്? ഇപ്പോഴും ദൈവം ബലഹീനരെ വലിയ കാര്യങ്ങൾക്കായി നിയമിക്കുന്നത് കാണാം. എന്തുകൊണ്ടാണ് ദൈവം അങ്ങനെ ചെയ്യുന്നത്? അതിന്റെ ഉത്തരം ഈ വാക്യത്തിൽ കാണുന്നു. അത് 'അറിവില്ലാത്തവരോടും വഴി തെറ്റി പോകുന്നവരോടും സഹതാപം കാണിക്കാൻ' കഴിയേണ്ടതിനാണ്. എന്നെ പോലെ ആണ് എല്ലാവരും എന്ന തിരിച്ചറിവ്, ഒരു ശരിയായ തന്മയീഭാവം അല്ലെങ്കിൽ empathy പുരോഹിതന് നൽകുന്നു. തെറ്റി പോകുന്ന ഒരാളെ കാണുമ്പോൾ പരിഹാസത്തോടെ അല്ല, കരുണയോടെ അയാളെ നോക്കാൻ തങ്ങളുടെ സ്വന്ത ബലഹീനത പുരോഹിതന്മാരെ സഹായിക്കേണ്ടത് ആവശ്യമായിരുന്നു. എന്നാൽ അവർ നിയമനങ്ങളെ അവകാശവും സ്വന്തനീതിയുമായി കരുതുകയും മറ്റുള്ളവരെ നിന്ദിക്കുകയും ചെയ്തു പോന്നു. ഇന്നും ഇത് മിക്കവാറും എല്ലായിടത്തും സംഭവിക്കുന്നു. നാം യേശുക്രിസ്തുവിന്റെ കൃപയാൽ നീതീകരിക്കപ്പെട്ട ശേഷവും തെറ്റിപ്പോകുന്നവരോട് കരുണ ഇല്ലാതെ സ്വന്തനീതിയിൽ പ്രശംസിക്കുന്ന അനേകം ശുശ്രൂഷകർ ഇക്കാലത്തു നമുക്ക് ചുറ്റും ഉണ്ടായിരിക്കുന്നു.

ഒരു പുരോഹിതൻ ദൈവത്തിനു മുന്നിൽ നിൽക്കുമ്പോൾ തനിക്കു ചുറ്റുമുള്ളവർക്കു വേണ്ടി യാചിക്കുവാൻ ഈ കരുണ അവന്റെ ഉള്ളിൽ ഉണ്ടാവേണ്ടത് ആവശ്യമായിരുന്നു. താൻ തന്നെ വീണു പോകാവുന്ന ഒരു ബലഹീനൻ എന്ന ബോധം മറ്റുള്ളവരോട് കരുണ കാണിക്കാൻ നമ്മെ സഹായിക്കും. 'അറിവില്ലാത്തവർ', 'വഴി തെറ്റി പോകുന്നവർ' എന്നിങ്ങനെ രണ്ടു വിധത്തിലാണ് ബലഹീനരെ ഈ വാക്യം വിലയിരുത്തുന്നത്. ജനത്തോടു നാം സഹതാപം ആണ് കാണിക്കേണ്ടത്, അതായതു എമ്പതി.

**വാക്യം 3, 4, 5** പുരോഹിതന്റെ ബലഹീനത, യാഗത്തെ ദുർബലം ആക്കാതിരിക്കാൻ, പുരോഹിതൻ തന്റെ പാപത്തിനു വേണ്ടിയും യാഗമർപ്പിക്കാൻ നിർബന്ധിതൻ ആണ്. കാരണം ജനത്തിലൊരുവൻ തന്നെയാണ് ആ പുരോഹിതനും. എന്നാലിവിടെ ക്രിസ്തുവിന്റെ മഹാപൗരോഹിത്യത്തെക്കുറിച്ച് പറയുമ്പോൾ അവിടെ ഒരു വലിയ പ്രത്യേകത നാം മനസ്സിൽ കരുതേണ്ടതുണ്ട്. കഴിഞ്ഞ ലക്കത്തിൽ നാം കണ്ടതുപോലെ 'യേശുക്രിസ്തു ആകാശത്തിൽ കൂടെ കടന്നു പോയ ഒരു മഹാപുരോഹിതനും പാപം ഇല്ലാത്തവനും' ആകയാൽ യേശുക്രിസ്തുവിന്റെ യാഗത്തിന്റെ ഗുണഭോക്താക്കൾ ആ യാഗത്തിൽ വിശ്വസിക്കുന്നവർ മാത്രം ആണ്. അതായതു കർത്താവിനു സ്വന്ത പാപത്തെ ആ യാഗത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായി വരുന്നില്ല. കാരണം യേശുക്രിസ്തു പാപം ഇല്ലാത്തവൻ എന്ന് നാം മുൻപേ കണ്ടു കഴിഞ്ഞു. അതുകൊണ്ട് കർത്താവു സ്വന്ത ശരീരത്തെ അർപ്പിക്കുമ്പോൾ അത് കർത്താവിനു വേണ്ടിയല്ല. നമുക്ക് വേണ്ടി ആണ്, നമുക്ക് വേണ്ടി മാത്രം ആണ്.

എന്താണ് യേശുക്രിസ്തു എന്ന മഹാപുരോഹിതനും മനുഷ്യരുടെ ഇടയിൽ നിന്ന് നിയമിക്കപ്പെടുന്ന മനുഷ്യർ മാത്രമായ പുരോഹിതരും തമ്മിൽ ഉള്ള സാമ്യങ്ങളും വ്യത്യാസങ്ങളും? രണ്ടു പൗരോഹിത്യവും യാഗങ്ങളർപ്പിക്കുന്നതിനു വേണ്ടിയും രണ്ടു പൗരോഹിത്യവും നിയമനങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതുമാണ്. രണ്ടു പൗരോഹിത്യവും മനുഷ്യർക്ക് വേണ്ടി ഉള്ളതാണ്. എന്നാൽ ഇവ തമ്മിൽ ഉള്ള വ്യത്യാസം എന്താണ്?

മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കുന്ന പുരോഹിതന്മാർക്ക് തങ്ങളുടെ പാപത്തിനും പരിഹാരം വരുത്തേണ്ടതുണ്ട്. എന്നാൽ നാം മുമ്പേ കണ്ടു കഴിഞ്ഞു, യേശുക്രിസ്തു എന്ന മഹാപുരോഹിതൻ പാപത്താൽ സ്പർശിക്കപ്പെടാത്തവൻ ആയിരുന്നു. അതുകൊണ്ട് യേശുവിന്റെ മഹാപൗരോഹിത്യം കൊണ്ട് പ്രയോജനം ഉണ്ടാകേണ്ടത് പുരോഹിതന് അല്ല ജനത്തിന് മാത്രം ആയിരുന്നു. കാരണം യേശുക്രിസ്തുവിനു തനിക്കു വേണ്ടി ഒരു പാപയാഗമോ അകൃത്യയാഗമോ അർപ്പിക്കേണ്ടതായി ഉണ്ടായിരുന്നില്ല.

എങ്ങനെയാണു ഒരു പാപവും ഇല്ലാത്ത ഒരു മഹാപുരോഹിതൻ നമുക്ക് പ്രതിനിധി ആയി മാറിയത്? ആ മഹാപൗരോഹിത്യം എങ്ങനെ നടന്നു എന്നാണ് ഇനി ഉള്ള ആറു വാക്യങ്ങളിൽ വിവരിക്കുന്നത്.

ശേഷം പേജ് 27 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# സ്വർഗീയദൗത്യം വിസ്മരിക്കരുത്

'കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും' എന്ന വാക്യത്തിൽ വളരെ അത്ഭുതകരമായ ഒരു വാഗ്ദത്തമാണ് നമുക്കു നൽകപ്പെട്ടിരിക്കുന്നത്. എല്ലാക്കാലങ്ങളിലും ജീവിച്ചിട്ടുള്ളവരായ എല്ലാ ആളുകൾക്കുമുള്ള സാർവത്രികമായ ഒരു വാഗ്ദത്തമാണിത്. ദൈവത്തിന്റെ സ്നേഹം സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്. യേശുക്രിസ്തു എല്ലാ മനുഷ്യർക്കും വേണ്ടിയാണു മരിച്ചത്. യേശുക്രിസ്തുവിലൂടെയുള്ള രക്ഷ സകല പ്രപഞ്ചത്തിനുമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. റോമർ 10: 13-15 വരെയുള്ള വാക്യങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്ന് നമ്മിലാർക്കും രക്ഷപ്പെടുവാൻ സാധിക്കുകയില്ല.

'എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും?' ഈ വേദഭാഗം സാധാരണയായി മിഷനറി പ്രവർത്തനങ്ങൾക്കു ആളുകളെ സജ്ജരാക്കുവാനും സംഭാവന ശേഖരിക്കുവാനും സഹായകരമായിട്ടാണ് ഉപയോഗിക്കാറുള്ളത്. സുവിശേഷവേലയ്ക്കു പിന്തുണ ആർജ്ജിക്കുവാനായി ഈ വേദഭാഗം ഉപയോഗിച്ചിട്ടുണ്ട്. പക്ഷെ, അതിനെക്കാൾ വളരെ വ്യാപകമായ അർത്ഥത്തിലാണ് ഇതു മനസിലാക്കേണ്ടത്. അതുകൊണ്ട് 'അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും' എന്നുള്ളത് വേർപെട്ട എല്ലാ ദൈവസഭകൾക്കുമുള്ള ഒരു വെല്ലുവിളിയാണ്.

'അവർ എങ്ങനെ കേൾക്കും?' ആർ എങ്ങനെ കേൾക്കുമെന്നാണു ചോദിക്കുന്നത്. ലോകത്തിലെ അനേക ജനങ്ങൾ ഇനിയും കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റി കേട്ടിട്ടില്ല. അനേകായിരങ്ങൾ ദൈവം അവരെ സ്നേഹിക്കുന്നുവെന്നും യേശുക്രിസ്തു അവർക്കുവേണ്ടി മരിച്ചുവെന്നും കേട്ടിട്ടില്ലാത്തവരാണ്. 'അവർ എങ്ങനെ കേൾക്കും?' എന്ന ചോദ്യത്തിൽ എല്ലാ ദൈവസഭകൾക്കും ഉത്തരവാദിത്വമുണ്ട്. ആ ചുമതല സുവിശേഷപ്രസംഗകരെയും പാസ്റ്റേഴ്സിനെയും ഏല്പിച്ചിട്ടു മാറിനിൽക്കുവാൻ നമുക്കു സാദ്ധ്യമല്ല.

യേശുകർത്താവ് ഒരിക്കലും അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. സുവിശേഷവേലയ്ക്കു വേർതിരിക്കപ്പെട്ട ചുരുക്കം ചില ആളുകളിൽക്കൂടി സുവിശേഷം എല്ലായിടത്തും ഘോഷിക്കപ്പെടുക എന്നതല്ല യേശുകർത്താവിന്റെ പദ്ധതി. ഓരോ ക്രിസ്ത്യാനിയും ഓരോ സുവിശേഷകനായിരിക്കണം എന്നതാണ് ദൈവേഷ്ടം. ഓരോ ക്രിസ്ത്യാനിയും മറ്റാരോടെങ്കിലും സുവിശേഷം അറിയിക്കുന്നവനായിരിക്കണം എന്നാണ് യേശുക്രിസ്തു ആഗ്രഹിക്കുന്നത്. പെന്തെക്കോസ്ത് നാളിൽ അവിടെ കൂടിയിരുന്ന എല്ലാവരുടെയും മേലാണ് പരിശുദ്ധാത്മാവ് പകരപ്പെട്ടത്. അതിനെത്തുടർന്ന് എല്ലാവരും യേശുക്രിസ്തുവിനെ സാക്ഷിച്ചു. തൽഫലമായി അനേകായിരങ്ങൾ രക്ഷിക്കപ്പെട്ടു സഭയോടു ചേർന്നു. യെരുശലേമിൽ സഭയ്ക്കു പീഡ ആരംഭിച്ചതിന്റെ ഫലമായി ക്രിസ്ത്യാനികളെല്ലാം നാനാദിക്കുകളിലേക്കും ചിതറിപ്പോയി. ചിതറിപ്പോകാതെ യെരുശലേമിൽ പാർത്തത് അപ്പൊസ്തലന്മാർ മാത്രമാണ്. 'ചിതറിപ്പോയവർ വചനം ശുശ്രൂഷിച്ചു കൊണ്ടു അവിടവിടെ സഞ്ചരിച്ചു' എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും സുവിശേഷം

പ്രസംഗിച്ചു എന്നാണ് നാം ഇവിടെനിന്നു ഗ്രഹിക്കുന്നത്.

ഫിലിപ്പൊസ് ഒരു അത്മായനായിരുന്നുവെങ്കിലും (layman) ഒരു വലിയ സുവിശേഷകനായിരുന്നു. അത്മായനായിരുന്ന സ്തെഫാനോസും ഒരു വലിയ സുവിശേഷകനായിരുന്നു. സുവിശേഷവേല അത്മായരുടെയും ചുമതലയായിരിക്കണമെന്നാണ് കർത്താവ് ഉദ്ദേശിച്ചിട്ടുള്ളത്. എല്ലാ ക്രിസ്തുവിശ്വാസികളും സുവിശേഷവേല ചെയ്യുന്നില്ലെങ്കിൽ ലോകം മുഴുവൻ സുവിശേഷം എങ്ങനെ അറിയും? എല്ലാ ദൈവമക്കളും സുവിശേഷം അറിയിക്കുവാൻ തുടങ്ങിയാൽ ജനകോടികളെ യേശുവിനായി നേടുവാൻ കഴിയും.

നമ്മെ പ്രത്യേകമായി സുവിശേഷവേലയ്ക്ക് ദൈവം വിളിക്കുന്ന അനുഭവം ഉണ്ടായാൽ ഒരു പക്ഷെ നാം പോകും, അല്ലെങ്കിൽ അതു നമ്മുടെ ഉത്തരവാദിത്വമല്ല എന്നതാണ് നമ്മുടെ നിലപാട്. സുവിശേഷവേലയ്ക്കു പോകുന്ന ചിലർക്ക് സഹായവും പ്രോത്സാഹനവും നൽകിയെന്നുള്ളതിൽ പലരും സ്വയസംതൃപ്തി കണ്ടെത്തുന്നു. യെശയ്യാവിന്റെ ദർശനത്തിനു മുമ്പുള്ള അനുഭവവും ഇതു തന്നെയായിരുന്നു. മറ്റുള്ളവരുടെ ഭാരങ്ങളെ വഹിപ്പാനുള്ള ആഹ്വാനം നാം സ്വീകരിച്ചേ മതിയാകൂ. ഏതൊരു ദൈവപൈതലിന്റെയും കടമ മാത്രമാണത്. അതിനായിട്ടാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. മറ്റുള്ളവരുടെ ഭാരം വഹിക്കുക എന്നുള്ളത് സ്വാഭാവികമായിട്ടുള്ള ഒരു കാര്യം കൂടിയാണ്.

നാം പരസ്പരം ഭാരം വഹിക്കേണ്ടവരായിരിക്കണം. ഈ ഉത്തരവാദിത്തത്തിൽനിന്നു സഭയ്ക്ക് ഒഴിഞ്ഞു മാറാൻ കഴിയുകയില്ല. ലോകം മുഴുവൻ ഒരു സമൂഹത്തിന്റെ ഭാഗമായിരിക്കുന്നതിനാൽ ഒരു രാജ്യത്തിന്റെ ഭാരം മറ്റു രാജ്യങ്ങളും വഹിക്കുന്നുണ്ടല്ലോ. നാം അന്യന്റെ ഭാരം ചുമന്ന് ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കേണ്ടത് ആവശ്യമാണ്. സ്നേഹത്തിന്റെയും, ഭാരം വഹിക്കുന്നതിന്റെയും പ്രമാണമാണ് യേശുകർത്താവും പൗലൊസും വിശുദ്ധ ബൈബിളും നമുക്കു നൽകുന്നത്. 'തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ' (ഗലാത്യർ 6:2) എന്നാണ് പൗലൊസ് പ്രബോധിപ്പിക്കുന്നത്. 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ, എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു'(മത്തായി 11:29,30) എന്ന് യേശുവും അരുളിച്ചെയ്തു.

അപ്പൊസ്തലപ്രവൃത്തികളിലെ മുഖ്യവിഷയം സുവിശേഷവേലയാണ്. ക്രിസ്തുശിഷ്യരുടെയും സഭയുടെയും പ്രധാന ശ്രദ്ധാവിഷയവും ഇതായിരുന്നു. പീഡകൾ അവരെ പിന്തിരിപ്പിച്ചില്ല. പ്രത്യുത, പ്രോത്സാഹിപ്പിച്ചതേയുള്ളൂ. അവർ സകല പ്രതിബന്ധങ്ങളെയും തരണം ചെയ്യുകയും എതിർപ്പുകളെത്തന്നെ സുവിശേഷവേലയ്ക്കുള്ള മുഖാന്തിരമായി ഉപയോഗിക്കുകയും ചെയ്തു. ദൈവം അവർക്കു നൽകിയ വിലയേറിയ ദൂത് മറ്റുള്ളവരുമായി പങ്കുവയ്ക്കാതിരിക്കുവാൻ അവർക്കു സാധിച്ചിരുന്നില്ല. എല്ലാവരും കാത്തുകാത്തിരുന്ന ദൂത് അവരുടെ പക്കൽ ഉണ്ടായിരുന്നു. അവരു തന്നെ അനുഭവിച്ചറിഞ്ഞതായതുകൊണ്ട് അതു സത്യമാണെന്ന് അവർക്ക് ഉറപ്പുമുണ്ടായിരുന്നു. അവരെ നിയോഗിച്ചയച്ച പരിശുദ്ധാത്മാവിൽ അവർക്കു സമ്പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. അവരുടെ വ്യത്യസ്തമായ ജീവിതവും സഹോദര്യവും സന്തോഷവും മൂലം അവർ യേശുവിന്റെ സുവിശേഷം വളരെ ആകർഷണീയമായി അവതരിപ്പിച്ചതുകൊണ്ട് മറ്റുള്ളവർക്കും അത് അഭികാമ്യമായി തോന്നിയിരുന്നു.

കാൽവറിയിൽ ദൈവം ഒരുക്കിയ അവർണ്ണനീയമായ രക്ഷയ്ക്ക് നാമെല്ലാവരും അനർഹരായിരുന്നു. 'വിലയേറിയ' അഥവാ 'ഇത്ര വലിയ രക്ഷ' എന്നാണ് വചനം ഈ രക്ഷയെ വിശേഷിപ്പിക്കുന്നത്. 'രക്ഷ ദൈവത്തിന്റെ ദാനം' എന്നും വെളിപ്പാട് പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. നമുക്കാർക്കും വില കൊടുക്കുവാൻ കഴിയാതിരുന്നതിനാലാണ് ഇത്ര വലിയ രക്ഷ ദൈവം സൗജന്യമായി നൽകിയത്. ഈ രക്ഷയെ ലോകമെങ്ങും ഘോഷിക്കണമെന്നു ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. 'സകല ജാതികളോടും ഈ സുവിശേഷം ഘോഷിപ്പീൻ' എന്ന കൽപ്പനയും യേശുകർത്താവ് തന്നിൽ വിശ്വസിക്കുന്ന ഓരോരുത്തർക്കും മഹാനിയോഗമായി നൽകിയിരിക്കുന്നു. ഇതിൽ നിന്നും ആരും ഒഴിവുള്ളവരല്ല എന്നത് ഗൗരവമായി തന്നെ നാം കാണേണ്ടതാണ്. ഈ സുവിശേഷം ഘോഷിക്കുന്നവരുടെ കാൽ അതായത് ജീവിതം എത്ര മനോഹരമായിരിക്കുന്നു എന്ന് തിരുവെഴുത്തു വിശേഷിപ്പിക്കുന്നു. 'നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം' (റോമർ 10 : 15). ഈ മഹാനിയോഗം ഭംഗിയായി നിവർത്തിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ, ശക്തീകരിക്കട്ടെ •



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# ക്ഷമിക്കുന്ന ഹൃദയം

**ഈ** യുഗത്തിന്റെ അവസാനകാലഘട്ടങ്ങളിൽ പരസ്പര വിരുദ്ധമായ രണ്ടു പ്രബല വിഭാഗങ്ങൾ ലോകത്തിൽ ഉണ്ടാകും: ഹൃദയം നിറയെ കയ്പും നീരസവും വിദ്വേഷവും കൊണ്ട് നിറഞ്ഞവരും, ദൈവസ്നേഹം വർധിച്ച് ദൈവരാജ്യത്തിന്റെ ശക്തി അനുഭവിക്കുന്നവരും. മത്തായിയുടെ സുവിശേഷത്തിൽ ഈ അവസ്ഥകളെ യേശു പ്രവചനാത്മാവിൽ പറഞ്ഞിട്ടുണ്ട്. 'അപ്പോൾ അനേകർ എന്നിലുള്ള വിശ്വാസം പരിത്യജിക്കുകയും പരസ്പരം ഒറ്റിക്കൊടുക്കുകയും വെറുക്കുകയും ചെയ്യും. വർദ്ധിതമായ ദുഷ്ടത നിമിത്തം അനേകരുടെ സ്നേഹം മന്ദീഭവിക്കും.' എന്നാൽ പിന്നീട് അവിടുന്ന് തുടർന്നു പറയുന്നു: 'രാജ്യത്തിന്റെ ഈ സുവിശേഷം എല്ലാ ജനതകൾക്കും ഒരു സാക്ഷ്യമായി ലോകമെമ്പാടും പ്രസംഗിക്കപ്പെടും, അപ്പോൾ അവസാനം വരും'(മത്തായി 24:10,12).

എന്താണ് 'രാജ്യത്തിന്റെ സുവിശേഷം'? ദൈവരാജ്യ സുവിശേഷത്തിന്റെ സമ്പൂർണ്ണ സത്യവുമായാണ് യേശു മനുഷ്യജന്മമെടുത്തു ഭൂമിയിലേക്ക് വന്നത്. നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിന് മാത്രമല്ല, യേശുവിനോടു നമ്മെ അനുരൂപപ്പെടുത്തി പുതിയ സൃഷ്ടിയാക്കുന്നതിനും കൂടിയാണ്. മനുഷ്യന് പ്രാപിക്കുവാൻ കഴിയുന്ന ഏറ്റവും മഹത്തായ അനുഗ്രഹമാണിത്. നമ്മിലും, നമ്മുടെ കൂടിവരവുകളിലും വെളിപ്പെടേണ്ട തേജോമയനായ ദൈവത്തിന്റെ സാന്നിധ്യം!

അതിനാൽ, ഈ മഹത്തായ അനുഭവം നമുക്ക് ലഭിക്കണമെങ്കിൽ, **ക്ഷമിക്കുവാനും ക്ഷമിക്കാതിരിക്കുവാനും ഉള്ള രണ്ടു സാധ്യതകൾക്കിടയിലൊരു തിരഞ്ഞെടുപ്പ് നടത്താൻ നാം നിരന്തരം നിർബന്ധിതരാകും.** ക്ഷമിക്കുന്ന മനോഭാവത്തിൽ നടന്നില്ലെങ്കിൽ, തീർച്ചയായും നാം ഒരു വികാരാധീനമായ ആത്മാവിന് ഇരയാകും. നന്മയും തിന്മയും രണ്ടും അതിന്റെ തികവിൽ വളരാൻ അനുവദിക്കുന്നത് തീർച്ചയായും ദൈവത്തിന്റെ പദ്ധതിയാണ്. കയ്പോടും അക്ഷമയോടും കൂടെ പ്രതികരിക്കുന്നതിൽ നിന്ന് നാം നമ്മുടെ ഹൃദയങ്ങളെ ജാഗ്രതയോടെ സൂക്ഷിക്കണം. ഇല്ലെങ്കിൽ വർദ്ധിച്ചുവരുന്ന വചനവിരുദ്ധ പ്രവൃത്തികളും നിലപാടുകളും തീർച്ചയായും നമ്മിലെ ദൈവ സ്നേഹം നഷ്ടപ്പെടുത്തും.

വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലുമുള്ള ജീവിതത്തിനു

വേണ്ടി ഈ ദുഷ്ടലോകത്ത് നാം പലപ്പോഴും ദുസ്സഹവും വഴി തെറ്റിക്കുന്നതുമായ കെണികളിലും കുടുക്കുകളിലും അകപ്പെടുവാൻ സാധ്യത ഏറെയാണ്. അപ്പോൾ അനേകർക്കും ദൈവരാജ്യത്തിന്റെ സ്നേഹത്തിലും ശക്തിയിലും നടക്കാനും കഴിയാതെ പോകുന്നു. ഈ അവസ്ഥയെ നേരിടണമെങ്കിൽ നമ്മിൽ ദൈവസ്നേഹം കവിഞ്ഞൊഴുകുന്ന അനുഭവമുണ്ടെങ്കിൽ മാത്രമേ സാധിക്കൂ. അല്ലാത്ത പക്ഷം നാം അറിയാതെ തന്നെ നമ്മിലെ ദൈവസ്നേഹം തണുത്തു പോകുന്നു. സ്നേഹമാണ് നമ്മെ നിലനിറുത്തുന്നത്. തന്റെ ജനം തീക്ഷ്ണമായ സ്നേഹമുള്ള ഒരു ജനതയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നമ്മുടെ ശത്രുക്കളെ വിശ്വസിക്കണമെന്നല്ല പ്രത്യുത, നാം അവരെ സ്നേഹിക്കണം എന്നും അവരോടു ക്ഷമിക്കണമെന്നും യേശു പറഞ്ഞു. 'എന്തുകൊണ്ട്' എന്ന് നാം ചോദിച്ചേക്കാം. ദൈവം പരീക്ഷകൾ അനുവദിക്കുന്നതിനുള്ള ഒരു കാരണം നമ്മെ പ്രലോഭനങ്ങളെ ജയിക്കുവാൻ ശക്തരാക്കുക എന്നതാണ്. ക്രിസ്തീയത എന്നത് കേവലം ബുദ്ധിപരമായ ഒരു ആശയമോ, അതോ യേശുവിനെ അനുഗമിക്കുക എന്ന ഹൃദയത്തിലെ തീക്ഷ്ണമായ അഭിനിവേശമോ എന്ന് കാണാൻ ദൈവം ആഗ്രഹിക്കുന്നു. അതിനാലാണ് 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക' എന്ന് യേശു പഠിപ്പിച്ചത് (മത്തായി 5:44). തിരസ്ക്കരണത്തിലൂടെയും വിശ്വാസവഞ്ചനയിലൂടെയും കടന്നുപോകുമ്പോൾ സ്നേഹിക്കുവാനും ക്ഷമിക്കുവാനും കഴിയുന്നതിലൂടെ നിങ്ങൾ പരാജയപ്പെട്ടിട്ടില്ലെന്ന് കർത്താവ് പറയുന്നു. കാരണം അവരോടുള്ള നിങ്ങളുടെ സ്നേഹം പരാജയപ്പെടാതെ തുടരുന്നു. അങ്ങേയറ്റം വേദനയിലൂടെ കടന്നുപോയെങ്കിലും, നിങ്ങളെ വേദനിപ്പിച്ചവരോട് നിങ്ങൾ ക്ഷമിച്ചു. അങ്ങനെ ദൈവം അനുവദിച്ച പരീക്ഷ നിങ്ങൾ പാസായി.

നമ്മിൽ ചിലർ ഇപ്പോഴും ചിലരോടെങ്കിലും ക്ഷമിക്കാത്തവരും സ്നേഹിക്കാത്തവരുമല്ലേ? ഒരുപക്ഷേ നിങ്ങൾ പറഞ്ഞേയ്ക്കാം, അവർ നിങ്ങളുടെ ക്ഷമ അർഹിക്കുന്നില്ല. മാനുഷിക കാഴ്ചപ്പാടിൽ അത് ശരിയുമായിരിക്കാം. എന്നാൽ ഇവിടെ പലരും മനസ്സിലാക്കാത്ത ഗൗരവമായ കാര്യം കോപത്തിന്റെയും ക്ഷമയില്ലായ്മയുടെയും അനന്തരഫലമായി നിങ്ങളുടെ മേൽ വന്നു ചേരാ

**...കാരണം അവരോടുള്ള നിങ്ങളുടെ സ്നേഹം പരാജയപ്പെടാതെ തുടരുന്നു. അങ്ങേയറ്റം വേദനയിലൂടെ കടന്നുപോയെങ്കിലും, നിങ്ങളെ വേദനിപ്പിച്ചവരോട് നിങ്ങൾ ക്ഷമിച്ചു. അങ്ങനെ ദൈവം അനുവദിച്ച പരീക്ഷ നിങ്ങൾ പാസായി.**

വുന്ന നിത്യനാശത്തെക്കുറിച്ചാണ്. കാരണം മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ നിവർത്തിക്കുന്നില്ല (യാക്കോബ് 1:20).

നിങ്ങൾ ക്ഷമിക്കാൻ വിസമ്മതിക്കുന്നിടത്തോളം, കഴിഞ്ഞകാല ചിന്തകളിൽ മനസ് കുടുങ്ങിക്കിടക്കുന്നു. അവിടെ നിങ്ങളുടെ മനസ് അന്നനുഭവിച്ച വേദനയെക്കുറിച്ച് നിങ്ങളെ നിരന്തരം ഓർമ്മിപ്പിക്കുന്നു. നിങ്ങളെ വേദനിപ്പിച്ച ആണ്ടും തീയതിയും സ്ഥലവും പോലും ഓർമ്മയിൽ സൂക്ഷിച്ചാൽ അത് വിദ്വേഷത്തെയും പകയേയും ഉത്തേജിപ്പിക്കുന്നു! ആ വ്യക്തിയോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നതു വരെ, ശരിയായ ആത്മിക പാതയിൽ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ നിങ്ങൾക്ക് കഴിയുകയില്ല.

നമുക്ക് ദൈവവുമായി യഥാർത്ഥ കൂട്ടായ്മ ഉണ്ടായിരിക്കുവാൻ ഒരേയൊരു വഴിയേയുള്ളൂ, അത് 'ഇവിടെ വച്ച് ഇപ്പോൾത്തന്നെ ക്ഷമിക്കുക' എന്ന ദൈവകല്പനയാണ്. അടുത്ത നിമിഷം നമുക്കുള്ളതല്ലല്ലോ. ക്ഷമിക്കാതെ പകയുടെ ഭൂതകാലത്തിൽ ജീവിക്കുമ്പോൾ, നിങ്ങൾ ദൈവത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. കർത്താവു നമ്മുടെ അകൃത്യങ്ങളെ ഓർക്കാതിരിക്കുന്നതു പോലെ അവർ നമ്മോട് ചെയ്തത് മനസ്സിൽ നിന്ന് പൂർണ്ണമായി നീങ്ങിപ്പോകണം.

ക്ഷമിക്കാത്ത കാലത്തോളം നിങ്ങളുടെ ഉള്ളിൽ ആത്മസംഘർഷം തുടരുക തന്നെ ചെയ്യും. അതിൽ ജീവിക്കുന്നിടത്തോളം, ഇപ്പോഴും അത് നിങ്ങളെ കുത്തി വേദനിപ്പിക്കും. നിങ്ങളെ മുറിവേൽപ്പിച്ച ആൾ പണ്ടേ മരിച്ചിട്ടുണ്ടാകും. ആ വ്യക്തിയെ കുറ്റപ്പെടുത്താനാവില്ല, കാരണം നിങ്ങളുടെ മുറിവുകളെ ജീവനോടെ നിലനിർത്തിയത് നിങ്ങളാണ്!

ക്ഷമിക്കാത്ത മനോഭാവം, നിങ്ങളുടെ ആത്മീയ ജീവിതത്തിന്റെ ഗുണനിലവാരത്തെ അതായത് ശാരീരിക മാനസ്സിക ആരോഗ്യത്തെ പ്ര

തികൂലമായി ബാധിക്കും. ആരെങ്കിലും നിങ്ങളോട് ചെയ്ത തെറ്റിന്റെ കൈപ്പു, നിങ്ങൾ മുറുകെ പിടിക്കുന്നിടത്തോളം, ആ വ്യക്തിയെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ശരീരത്തിൽ നടക്കുന്ന രാസപ്രവർത്തനങ്ങൾ പല രോഗങ്ങൾക്കും കാരണമായേക്കാം. ഉദാഹരണത്തിന് 'അസൂയ അസ്ഥികൾക്ക് ദ്രവത്വം' എന്ന് സദൃശ്യവാക്യത്തിൽ നാം കാണുന്നു. നിരന്തര ശാരീരിക സമ്മർദ്ദം നിങ്ങളുടെ ഉത്കണ്ഠ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

നിങ്ങളെ വേദനിപ്പിച്ചവരോട് നിങ്ങൾ ക്ഷമിച്ചില്ലെങ്കിൽ, സ്നേഹിക്കാനുള്ള നിങ്ങളുടെ കഴിവ് ഒരു വലിയ പരിധി വരെ നഷ്ടപ്പെടും. മാത്രമല്ല അത് മുളപ്പിക്കുന്ന കൈപ്പിന്റെ വേരിനാൽ അനേകർ മലിനപ്പെടുവാനും അവരുടെയും ഹൃദയം കഠിനപ്പെടുവാനും ഇടയാകും. അവർ ക്ഷമ അർഹിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, നിങ്ങളൊരു മെച്ചപ്പെട്ട ജീവിതം നയിക്കുവാൻ ദൈവ മാഗ്രഹിക്കുന്നു. നമ്മുടെ യഥാസ്ഥാനത്തിനു അനിവാര്യമായ മനോഭാവമാണ് ക്ഷമയും മനസ്സലിവും സ്നേഹവും തിങ്ങിയ മനസ്സ്! എന്നാൽ ക്ഷമാശീലം ഇല്ലെങ്കിൽ ജീവിതത്തിൽ സ്വസ്ഥതയും സന്തോഷവും സമാധാനവും അനുഭവിക്കുവാനാകുമോ? ഒരിക്കലും സമൃദ്ധമായ ജീവിതം ആസ്വദിക്കാൻ കഴിയില്ല. കാരണം നിങ്ങളെ വേദനിപ്പിക്കുന്ന ഓർമ്മകളിൽ നിങ്ങളുടെ മനസ് കുടുങ്ങിക്കിടക്കുന്നു. ക്ഷമിക്കാത്ത മനസ് നിങ്ങളെത്തന്നെ ഇഹ പര ലോകങ്ങളിൽ പീഡിപ്പിക്കും. അതായത് നിത്യനാശമായിരിക്കും ആത്യന്തികഫലം.

അക്ഷമയുടെ തടവറയിൽ നിന്ന് എങ്ങനെ രക്ഷപ്പെടും? നിങ്ങളുടെ ആത്മാവിന് ദൈവത്തിന്റെ സംരക്ഷണം എങ്ങനെ കണ്ടെത്താം? ക്ഷമിക്കാൻ ദൈവം നിങ്ങളെ വിളിക്കുന്നു. നിങ്ങളുടെ വേദനകൾക്കിടയിലും ദൈവത്തിന്റെ കരങ്ങൾ നിങ്ങളിലേക്ക് എത്തുന്നത് അനുഭവിച്ചറിയണം. ദിവ്യസ്വഭാവത്തിന്റെ തികവിലേയ്ക്ക് നിങ്ങളെ നയിക്കുവാൻ ഈ പ്രതിസന്ധികളും പ്രതികൂലങ്ങളും ഉപകാരപ്പെടുത്തുക. ഈ സംഭവമായിരിക്കും നിങ്ങളെ ക്രിസ്തുവിനെപ്പോലെയാക്കാൻ ദൈവം ഉപയോഗിക്കുന്നത്. 'ഇവർ ചെയ്യുന്നത് ഇന്നതെന്നു അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ' എന്ന് തീവ്രവേദനയിലും പ്രാർത്ഥിക്കുന്ന യേശുവിനെ ആത്മക്കണ്ണുകളാൽ ദർശിക്കുക. ദ്രോഹിക്കുന്നവരോട് സ്നേഹത്തിന്റെയും ക്ഷമയുടെയും പാത യേശു കാണിച്ച മാതൃക പ്രകാരം നമുക്കും തിരഞ്ഞെടുക്കാം. അങ്ങനെ നിങ്ങൾ ക്രിസ്തുവിന്റെ സ്വഭാവം സ്വീകരിച്ച് അതിൽ വളരുവാൻ ഇടയാകുന്നു.

എന്തെന്നില്ലാത്ത സന്തോഷമായിരിക്കും ഇവിടെയും നിത്യതയിലും അതിന്റെ പ്രതിഫലം. സന്തോഷിക്കൂ! യേശു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുവാൻ സമർപ്പിക്കൂ! 'ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത്' എന്നതായിരിക്കട്ടെ നമ്മുടെ ആപ്തവാക്യം. മറ്റുള്ളവരോടുള്ള എന്റെ ക്ഷമയുടെ മാതൃക ഞാൻ ക്രിസ്തുവിൽ കാണുന്നു. അങ്ങനെ കാണുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. •

## വരിസംഖ്യ പുതുക്കുന്നവരുടെ ശ്രദ്ധയ്ക്ക്


ചിലരുടെ വരിസംഖ്യ അവരുടെ സ്നേഹിതരോ ബന്ധുക്കളോ സ്പോൺസർ ചെയ്തതാണ്. അങ്ങനെയുള്ള പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ളവർ വരിസംഖ്യ പുതുക്കി ഈ ശുശ്രൂഷയിൽ പങ്കാളികളാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. പേജ് 31-ൽ ബാങ്ക് സംബന്ധമായ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

ചിലർ വരിസംഖ്യ അടയ്ക്കുമ്പോൾ കുടിശികയുടെ കാലാവധി പരിഗണിക്കാതെ ഒരു വർഷത്തെ തുകയായ 250 രൂപ മാത്രം അടയ്ക്കുന്നു. അപ്പോൾത്തന്നെ രണ്ടോ മൂന്നോ വർഷത്തെ വരിസംഖ്യ കുടിശികയായി അവശേഷിക്കുകയും ചെയ്യുന്നു. ഓഫിസുമായി ബന്ധപ്പെട്ടാൽ നിങ്ങളുടെ വരിസംഖ്യാ കാലാവധി തീർന്ന തീയതിയും കുടിശിക തുകയും അറിയാവുന്നതാണ്.

അഡ്രസിൽ മാറ്റം വരുന്ന പക്ഷം പുതിയ അഡ്രസ് **id** നമ്പർ സഹിതം ആവശ്യമായ തിരുത്തൽ പ്രക്രിയയ്ക്കായി ഓഫീസിൽ അറിയിക്കണം. ഫോൺ: **94 95 43 53 36**



ഡോ. സജികുമാർ കെ. പി.



# മക്കൾ ഉത്തരവാദിത്വം ഉള്ളവർ ആകുവാൻ...?

ഒട്ടനവധി മാതാപിതാക്കൾക്ക് ഇന്ന് മക്കളെപ്പറ്റി പറയുവാനുള്ള ഒരു പ്രധാന പ്രശ്നമാണ് അവർക്ക് 'ഒരു ഉത്തരവാദിത്ത ബോധവും ഇല്ല' എന്ന്. പത്തും പതിനെട്ടും വയസ്സായി എങ്കിലും രാവിലെ എഴുന്നേൽക്കണമെങ്കിൽ മാതാപിതാക്കൾ അവരെ 'ഉരുട്ടിയിട്ട്' വിളിക്കണം. പഠിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പുറകെ നടന്നില്ലെങ്കിൽ അവർ പഠിക്കുകയും ഇല്ല. മാതാപിതാക്കൾ ആവർത്തിച്ചു ഓർമിപ്പിച്ചില്ലെങ്കിൽ ഹോം വർക്ക് ചെയ്യില്ല. സ്കൂളിൽ കൊണ്ടുപോകേണ്ട പലതും എടുത്തു കൊടുത്തില്ലെങ്കിൽ വീട്ടിൽ വച്ചിട്ട് പോകും. ഇങ്ങനെ പോകുന്നു പ്രശ്നങ്ങളുടെ വ്യാപ്തി. എന്താണ് നമ്മുടെ തലമുറ ഇങ്ങനെ ആകുവാനുള്ള കാരണം? എങ്ങനെ അവരെ ഉത്തരവാദിത്തമുള്ളവരാക്കി മാറ്റാം?

കുറെ വർഷങ്ങൾക്കു മുമ്പ് നമ്മുടെ വീടുകളിൽ അഞ്ചും ആറും അതിൽ കൂടുതലും മക്കളുണ്ടായിരുന്നു. എല്ലാ മക്കളെയും ഒരുപോലെ പരിഗണിക്കാനും താലോലിക്കാനും മാതാപിതാക്കൾക്ക് സാധിക്കുകയില്ലായിരുന്നു. അവനവൻ അവനവന്റെ കാര്യം നോക്കിയില്ലെങ്കിൽ നിലനിൽപ്പില്ലായിരുന്നു. എന്നാൽ ഇന്ന് ആ സാഹചര്യം മാറി. വീടുകളിൽ ഒന്നോ രണ്ടോ മക്കൾ മാത്രം എന്ന സാഹചര്യത്തിലേക്ക് മാറാൻ നിർബന്ധിതരായി. അങ്ങനെ വന്നപ്പോൾ മാതാപിതാക്കൾ മക്കളെ ഒരു കാര്യത്തിലും 'ബുദ്ധിമുട്ടിക്കേണ്ട' ആവശ്യം ഇല്ലാതായി. പെൺമക്കൾ അടുക്കളയിൽ സഹായിച്ചില്ലെങ്കിലും ഒരു ചെറിയ നാലംഗ കുടുംബത്തിന് പാചകം ചെയ്യുവാൻ അമ്മയ്ക്ക് ബുദ്ധിമുട്ട് ഇല്ലാതായി.

ഒന്നോ രണ്ടോ കുഞ്ഞുങ്ങൾ മാത്രമുള്ള വീട്ടിൽ പിന്നെ ശാസനയും ശിക്ഷണവും കുറഞ്ഞു വന്നു. സ്നേഹവും കരുതലും ലാളനയും അമിത സംരക്ഷണവും ഇടംപിടിച്ചു. മിക്കവാറും ഒരാൾ അപ്പന്റെ പ്രിയപൈതലും അടുത്തത് അമ്മയുടെ പ്രിയപൈതലും ആയിക്കഴിഞ്ഞാൽ പിന്നെ എല്ലാം പൂർത്തിയായി. എന്തിനേറെ കുഞ്ഞ് പഠിക്കുവാൻ സ്വയം ചെയ്യേണ്ടിയ ഹോംവർക്കുകൾ കുഞ്ഞ് ചെയ്യേണ്ടതിന് പകരം അമ്മ ചെയ്തു കൊടുക്കുവാൻ തുടങ്ങി. രാത്രി വൈകുന്നേരം വരെ ടെലിവിഷന്റെയും മൊബൈൽ ഫോണിന്റെയും ലോകത്ത് ആസ്വദിക്കുന്ന കുഞ്ഞിനെ അതിരാവിലെ വിളിച്ചെഴുന്നേൽപ്പിക്കുന്നത് പ്രാവർത്തികമല്ല എന്ന് തിരിച്ചറിയുന്ന അമ്മ, സ്കൂൾ ബസ് വരുന്നതിന് തൊട്ടുമുമ്പാണ് കുഞ്ഞിനെ താങ്ങി എഴുന്നേൽപ്പിച്ച്, പല്ല് തേപ്പിച്ചു, വസ്ത്രം ധരിപ്പിച്ചു സ്കൂളിൽ പറഞ്ഞുവിടുന്നത്. അങ്ങനെയാകുമ്പോൾ കുഞ്ഞിന് സ്വന്തമായി ഭക്ഷണം കഴിക്കുവാൻ സമയവും സാഹചര്യവും ഇല്ല എന്നറിഞ്ഞു വാരി കൊടുക്കുക എന്നതും പതിവാണ് പല വീടുകളിലും. ഈ ശീലം കൗമാരപ്രായം കഴിഞ്ഞുപോലും പിന്തുടരുന്ന അമ്മമാരുണ്ട്.

അങ്ങനെ എന്റെ കുഞ്ഞിനു കൗമാരപ്രായം

കഴിയാറായി. ഇതുവരെ ഒരു ഉത്തരവാദിത്തബോധവും വന്നിട്ടില്ല എന്ന് വ്യാകുലപ്പെടുമ്പോൾ ഒരു മറുചോദ്യം കൂടെ വിശകലനം ചെയ്യുന്നത് നല്ലതാണ്. അതായത് എന്തിന് നിങ്ങളുടെ കുഞ്ഞ് ഉത്തരവാദിത്ത ബോധം ഉള്ളവനായി വളരണം? സകല കാര്യങ്ങളും കുഞ്ഞുപ്രായം മുതൽ കുഞ്ഞിനുവേണ്ടി ചെയ്തുകൊടുക്കാൻ നിങ്ങൾ ഉള്ളപ്പോൾ എന്തിന് കുഞ്ഞ് മുതിർന്നാലും ഉത്തരവാദിത്തബോധം ഏറ്റെടുക്കണം? നിശ്ചയമായും നാം ചിന്തിക്കേണ്ട ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

ദൈവം നമുക്ക് കുഞ്ഞിനെ/കുഞ്ഞുങ്ങളെ തന്നപ്പോൾ അവരുടെ സ്വഭാവത്തെ സംബന്ധിച്ച് 100% ഉത്തരവാദിത്തവും കൂടെ തന്നിരുന്നു. സ്വന്തം മക്കളെ ശാസിച്ചും ശിക്ഷിച്ചും ദൈവഭയത്തിൽ വളർത്താത്തതിന്റെ പേരിൽ ദൈവം ഏലി പുരോഹിതനെ ശാസിച്ചത്, ഒന്ന് ശമുവേൽ രണ്ടാം അധ്യായത്തിൽ നാം വായിക്കുന്നു. നമ്മുടെ മക്കൾ ജനിച്ചപ്പോൾ അവർക്ക് ജീവിതം എന്തെന്ന് അറിഞ്ഞുകൂടായിരുന്നു. ഏത് ശൈലിയിൽ വളരണം, ഏത് സ്വഭാവത്തിൽ മുതിർന്നു വരണം എന്ന കാര്യങ്ങൾ മുഴുവൻ ആദ്യം അവർ പഠിച്ചത് മാതാപിതാക്കളിൽ നിന്നാണ്.

അഞ്ചുവയസ്സു മുതൽ എട്ടു വയസ്സു വരെ ആകുമ്പോഴേക്കും നമ്മുടെ കുഞ്ഞുങ്ങളുടെ സ്വഭാവശൈലിക്ക് അടിസ്ഥാനം ഇട്ടു കഴിഞ്ഞിരിക്കും. മാതാപിതാക്കളെ അനുസരിക്കണോ? അതോ മാതാപിതാക്കൾ മക്കളെ അനുസരിക്കുമോ എന്ന് ഈ പ്രായത്തിനകം തീരുമാനിക്കപ്പെടും. അതുകൊണ്ടാണ് 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, എന്നാൽ അവൻ വൃദ്ധനായാലും അതിൽ നിന്നും വിട്ടു മാറുകയില്ല' എന്ന് വചനം പറയുന്നത് (സദൃശ്യവാക്യങ്ങൾ 22: 6).

നമ്മുടെ കുഞ്ഞുങ്ങൾ ഉത്തരവാദിത്തബോധമുള്ളവരായി മാറണമെങ്കിൽ മാതാപിതാക്കൾ അങ്ങനെ അവരെ ശീലിപ്പിച്ച് എടുക്കണം. ഈ ശീലവും പരിശീലനവും ചെറുപ്രായത്തിൽ തന്നെ തുടങ്ങണം. അതായത് നിങ്ങൾ വിളിച്ചുണർത്താതെ ഒരു അലാറം വാങ്ങി നൽകുകയും അത് അടിക്കുമ്പോൾ സ്വയം എഴുന്നേറ്റു പ്രഭാതകൃത്യങ്ങൾ കൃത്യസമയത്തിനകം സ്വയം ചെയ്തു തീർക്കുകയും ചെയ്യുവാൻ മക്കളെ ശീലിപ്പിക്കുക. അങ്ങനെ ശീലം ഉണ്ടാക്കുവാൻ അവർക്ക് ശരിയായ ശിക്ഷ നൽകാം. അനുസരിച്ചാൽ

**ദിവസവും സ്കൂൾ വിട്ടു വന്നാൽ അവർ എന്തെല്ലാം ചെയ്യണം എന്നതിന് നിബന്ധന വയ്ക്കുക. അവരുടെ ഇഷ്ടത്തിന് മാതാപിതാക്കൾ വശപ്പെടാതെ കൃത്യമായ സമയനിഷ്ഠ പാലിക്കുവാനും അങ്ങനെ ക്രമീകൃതമായി പഠിക്കുവാനും സമയം കൃത്യമായി പ്രയോജനപ്പെടുത്തുവാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക.**

പ്രോത്സാഹനമായി സമ്മാനങ്ങൾ നൽകാം. ചെറുപ്രായത്തിൽത്തന്നെ ചെറിയ ചെറിയ ഉത്തരവാദിത്തങ്ങൾ നൽകി കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക അതായത് സ്വന്തം മേശ, പഠനമുറി, എന്നിവ വൃത്തിയാക്കി സൂക്ഷിക്കുക. യൂണിഫോം, ചെരിപ്പ്, ഷൂസ്, പഠന ഉപകരണങ്ങൾ എന്നിവ കൃത്യസ്ഥാനത്ത് വയ്ക്കാനും വൃത്തിയായി സൂക്ഷിക്കുവാനും മാതാപിതാക്കൾ സ്വയം ചെയ്യാതെ കുഞ്ഞുങ്ങളെക്കൊണ്ടുതന്നെ ചെയ്യിപ്പിച്ച് പരിശീലിപ്പിക്കുക. എത്രയും ചെറുപ്രായത്തിൽ ഇത് ശീലിപ്പിക്കാമോ അത്രയും നല്ലത്.

ഓരോദിവസവും സ്കൂൾ വിട്ടു വന്നാൽ അവർ എന്തെല്ലാം ചെയ്യണം എന്നതിന് നിബന്ധന വയ്ക്കുക. അവരുടെ ഇഷ്ടത്തിന് മാതാപിതാക്കൾ വശപ്പെടാതെ കൃത്യമായ സമയനിഷ്ഠ പാലിക്കുവാനും അങ്ങനെ ക്രമീകൃതമായി പഠിക്കുവാനും സമയം കൃത്യമായി പ്രയോജനപ്പെടുത്തുവാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക. ഇത് ചെയ്യുമ്പോൾ കുഞ്ഞുങ്ങൾ ഇഷ്ടക്കേട് കാണിക്കും, വഴക്കുണ്ടാക്കും, കരയും. എങ്കിലും പിന്നീട് ഇത് തങ്ങളുടെ നന്മയ്ക്കായിരുന്നു എന്ന് അവർക്ക് ബോധ്യമായി കൊള്ളും. 'വടി ഉപയോഗിക്കാത്തവർ തന്റെ മകനെ പകയ്ക്കുന്നു' ( സദൃശ്യവാക്യം 13:24) എന്ന് മറക്കാതിരിക്കുക. അങ്ങനെ ബോധപൂർവ്വമായ ശ്രമങ്ങളിലൂടെ നമ്മുടെ കുഞ്ഞുങ്ങളെ ഉത്തരവാദിത്തബോധമുള്ളവരാക്കി നമുക്ക് വാർത്തെടുക്കാം. അങ്ങനെയുള്ള മക്കൾ ജീവിതത്തിൽ ലക്ഷ്യബോധം ഉള്ളവർ ആവുകയും ചെയ്യും. രക്ഷാകർതൃത്വം എന്നത് ഒരു ദൈവിക നിയോഗമാണ് എന്ന തിരിച്ചറിവിൽ കുഞ്ഞുങ്ങളെ ഉത്തരവാദിത്തബോധമുള്ളവരാക്കി വളർത്തുക എന്നത് നമ്മുടെ ഉത്തരവാദിത്തമായി കാണാൻ കർത്താവ് സഹായിക്കുമാറാകട്ടെ. •



പി വി വർഗീസ്

# വരമൊഴി ശുശ്രൂഷയുടെ പ്രസക്തി

ശരീരത്തിന്റെ പോഷണത്തിനുള്ള ആഹാരം എത്ര സ്വാദിഷ്ഠമാണെങ്കിലും ഒരാൾക്കുള്ളത് ഒരു പ്രാവശ്യം അയാൾക്കു മാത്രമേ കഴിക്കുവാൻ കഴികയുള്ളു. ഉദാഹരണത്തിന് ഒരു ഐസ്ക്രീം ഒരാൾ കഴിക്കുമ്പോൾ അതോടെ അത് തീരുന്നു. പിന്നീട് ആർക്കും അതേ ഐസ്ക്രീം  ഒരുപ്രാവശ്യം കൂടി കഴിക്കുക അസാധ്യം. എന്നാൽ ആത്മാവിനെ പോഷിപ്പിക്കുന്ന ആത്മിക ആഹാരം ഒരാൾക്കുള്ളതെങ്കിലും എത്രപേർക്കും  പലപ്രാവശ്യം വീതം എത്രനാൾ വേണമെങ്കിലും  കഴിക്കുവാൻ കഴിയും എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ആത്മിക ഭോജനം ഒരിക്കലും കാലഹരണപ്പെടുന്നില്ല.

തേരിലിരുന്നു യെശയ്യാപ്രവാചകന്റെ പുസ്തകം വായിച്ച ഷണ്ഡനോടു 'നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ' എന്ന് ഫിലിപ്പോസ് ചോദിച്ചപ്പോൾ 'ഒരുവൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും' എന്ന് പ്രതിവചിച്ച ഷണ്ഡനു തേരിൽക്കയറി ഇരുന്നു വ്യഖാനിച്ചു കൊടുക്കുന്ന ഫിലിപ്പോസിനെ നാം കാണുന്നു. ഇതിൽ നിന്നും വചനത്തിന്റെ പൊരുൾ തിരിച്ചു കൊടുക്കുന്ന വരമൊഴി ശുശ്രൂഷയുടെ പ്രാധാന്യം എത്ര വലുതെന്നു ഗ്രഹിക്കാവുന്നതാണ്. തിരുവെഴുത്തുകളുടെ പൊരുൾ തിരിക്കുന്ന ലേഖനങ്ങൾ, ട്രാക്കുകൾ എന്നിങ്ങനെയുള്ള ആത്മികഭോജനം എത്രപേർക്കും എക്കാലവും ഭക്ഷിച്ചു ആത്മിക വർദ്ധനവ് പ്രാപിക്കുവാൻ കഴിയും എന്നത് നമ്മുടെ രക്ഷയ്ക്കായുള്ള ദൈവകരുതലിന്റെ മാഹാത്മ്യത്തെ കാണിക്കുന്നു.

'സുവിശേഷീകരണം'  പ്രതിസന്ധികൾ ഏറെ നേരിടുന്ന ഇക്കാലത്തു വരമൊഴി ശുശ്രൂഷയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. വാമൊഴിയായി പറയുന്ന രേഖപ്പെടുത്തിയ പ്രസംഗങ്ങൾ ഒഴികെ,  ദൈവീക ആലോചനകൾ കേൾക്കാൻ ആഗ്രഹിച്ചാലും പിന്നീട് കേൾക്കാൻ കഴിയുകയില്ല. അത് ഒരു തീരാനഷ്ടമാണ്. തിരക്കുകൾ വർദ്ധിച്ച ഇക്കാലത്തു വ്യക്തികളോട്  മുഖാമുഖം സുവിശേഷം പങ്കു വയ്ക്കുന്നതിന് നിരവധി പരിമിതികളുണ്ട്. എന്നാൽ വരമൊഴിയായി  ലഭിക്കുന്ന തിരുവെഴുത്തുകളും അവയെ പൊരുൾ തിരിച്ചു നൽകുന്ന പ്രസിദ്ധീ

എന്നാൽ ആത്മാവിനെ പോഷിപ്പിക്കുന്ന ആത്മിക ആഹാരം ഒരാൾക്കുള്ളതെങ്കിലും എത്രപേർക്കും പലപ്രാവശ്യം വീതം എത്രനാൾ വേണമെങ്കിലും കഴിക്കുവാൻ കഴിയും എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ആത്മിക ഭോജനം ഒരിക്കലും കാലഹരണപ്പെടുന്നില്ല.

കരണങ്ങളും അവർക്കു സൗകര്യപ്രദമായ സമയത്തു വായിക്കുവാനും ആവശ്യമെങ്കിൽ തുടർന്നും വായിക്കുവാനും ഏറ്റവും സഹായകം എന്നതിനാൽ വരമൊഴി ശുശ്രൂഷ അവഗണിക്കപ്പെടാതെ പരിഗണിക്കപ്പെടേണ്ട മഹത്തായ ഒന്നാണ്. ദൗർഭാഗ്യവശാൽ ചിലർ നിരുത്സാഹപ്പെടുത്തും വിധം പെരുമാറുന്നത് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

വരമൊഴി ശുശ്രൂഷ കല്പലകകളിൽ എഴുതി ആരംഭം കുറിച്ചത് അത്യുന്നതനായ ദൈവം തന്നെയാണ്. പ്രപഞ്ചസൃഷ്ടി മുതലുള്ള മുൻകാല സംഭവ വികാസങ്ങൾ മോശെ 40 ദിവസം വീതം രണ്ട് തവണ പർവ്വതത്തിൽ ചിലവഴിച്ചപ്പോൾ ദൈവം വെളിപ്പെടുത്തി കൊടുത്തതാകാനാണ് സാധ്യത. അത് എഴുതപ്പെട്ടില്ലായിരുന്നുവെങ്കിൽ പ്രപഞ്ചത്തിന്റെയും ജീവജാലങ്ങളുടെയും മനുഷ്യന്റെയും ഉൽപ്പത്തി തന്നെ അജ്ഞാതമാകുമായിരുന്നു. അരുളിച്ചെയ്ത കാര്യങ്ങൾ ഒരു പുസ്തകത്തിൽ എഴുതുവാൻ മോശെയോടാവശ്യപ്പെട്ടതും സർവ്വശക്തനായ ദൈവമാണ് (പുറപ്പാട് 17:14, 34:27). ദൈവത്തിന്റെ ആജ്ഞയനുസരിച്ചു മോശെ അപ്രകാരം എഴുതി (ആവർത്തനം 31:9). എഴുതപ്പെട്ട കല്പനകൾ അനുസരിക്കുവാൻ ജനത്തോടു പറയുവാൻ ആവശ്യപ്പെട്ടതും ദൈവമാണ് (യോശുവ 1: 8, 8: 31). അതനുസരിച്ചു യോശുവ ജനത്തെ ആഹ്വാനം ചെയ്യുകയും ചെയ്തു (യോശുവ 23: 6). തിരുവെഴുത്തുകൾ പൂർണ്ണമായും അനുസരിക്കണമെന്നു പിൽക്കാലത്തു ദാവീദ് ശലോമോനോട് കല്പിച്ചു (1 രാജാക്കന്മാർ 2: 4).

പ്രവാചകന്മാരോടും ദൈവത്തിന്റെ അരുളപ്പാടുകൾ എഴുതി ജനത്തെ ബോധ്യപ്പെടുത്തുവാൻ കാലാകാലങ്ങളിൽ ദൈവം നിർദ്ദേശിച്ചിട്ടുണ്ട്. അവസാനത്തെ പുസ്തകമായ വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ കണ്ട ദർശനങ്ങളും കേട്ട അരുളപ്പാടുകളും 'എഴുതി' ജനത്തിന് നൽകുവാൻ ദൈവം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. നാം പലപ്പോഴും വിസ്മരിച്ചു പോകുന്ന കാര്യം അക്കാലത്തു ഇവ എഴുതുന്നതു എത്രത്തോളം ശ്രമകരമായിരുന്നു എന്നതാണ്. എഴുത്താണിയും മഷിയും തൂവലും ഒക്കെ ഉപയോഗിച്ച് തോൽ ചുരുളുകളിലും, പാപ്പിറസ്സ് ചെടിയുടെ തണ്ടു കൊണ്ടുണ്ടാക്കിയ പരുക്കൻ കടലാസ്സുകളിലും എത്ര കഷ്ടപ്പെട്ടായിരിക്കും അന്ന് അവർ എഴുതിയത്. അച്ചടി നിലവിലില്ലാതിരുന്ന അക്കാലത്തു തിരുവെഴുത്തു പകർത്തിയെഴുതുവാൻ ശാസ്ത്രി

**വരമൊഴി ശുശ്രൂഷ എത്ര കഠിനവും ക്ലേശകരവും ആയിരുന്നാലും അത് ചെയ്യണമെന്നതു ദൈവീക പദ്ധതി ആയിരുന്നു എന്നതിനാൽ തിരുവെഴുത്തു പൊരുൾ തിരിച്ചു കൊടുക്കുന്ന ആത്മാവിന്റെ അക്ഷരശുശ്രൂഷ അവഗണിക്കപ്പെടുന്നത് ദൈവത്തെ വേദനിപ്പിക്കുന്നത് തന്നെയായിരിക്കും.**

മാർ നിയോഗിതരായിരുന്നു. വരമൊഴി ശുശ്രൂഷ എത്ര കഠിനവും ക്ലേശകരവും ആയിരുന്നാലും അത് ചെയ്യണമെന്നതു ദൈവീക പദ്ധതി ആയിരുന്നു എന്നതിനാൽ തിരുവെഴുത്തു പൊരുൾ തിരിച്ചു കൊടുക്കുന്ന ആത്മാവിന്റെ അക്ഷരശുശ്രൂഷ അവഗണിക്കപ്പെടുന്നത് ദൈവത്തെ വേദനിപ്പിക്കുന്നത് തന്നെയായിരിക്കും.

ഹബക്കൂക് പ്രവചനത്തിലെഴുതപ്പെട്ടിരുന്ന 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന, തിരുവെഴുത്തിലെ കാതലായ വിഷയം റോമാ, ഗലാത്യ, എബ്രായ ലേഖനങ്ങളിൽ അപ്പോസ്തലനായ പൗലോസ് ഉദ്ധരിച്ചിട്ടുണ്ട്. റോമാലേഖനത്തിലെ ഈ ഉദ്ധരിണിയാണ് മാർട്ടിൻ ലൂഥറിനു 'പ്രവർത്തിയാലല്ല വിശ്വാസത്താലാണ് നീതീകരണം' എന്ന ബോധ്യം നൽകിയതും AD 1517 – ലെ നവോത്ഥാനത്തിന് കാരണമായതും. ഇവിടെയും എഴുത്തുശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാകുന്നു.

ദൈവത്തിന്റെ അതിരറ്റ കൃപയാൽ ഇന്ന് നമുക്ക് സ്വന്തഭാഷയിൽ ആളാംപ്രതി ഓരോ ഭവനങ്ങളിലും പുസ്തകരൂപത്തിൽ അച്ചടിച്ച തിരുവെഴുത്തുകൾ ലഭ്യമാണ്. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ ഒരു സഭയ്ക്ക്, ഒരു പകർപ്പ് എന്ന നിലയിൽ പോലും ലഭ്യമായിരുന്നില്ല. 'നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്നശേഷം ലവുദിക്യ സഭയിൽ കൂടെ വായിപ്പിക്കുകയും, ലവുദിക്യയിൽ നിന്നുള്ളത് നിങ്ങളും വായിക്കുകയും ചെയ്‌വിൻ' എന്ന് കൊലോസ്യരോട് പൗലോസ് നിർദ്ദേശിക്കുന്നു (കൊലോസ്യർ 4: 16). തിരുവെഴുത്തുകൾ വായിക്കുവാനുള്ള ഒന്നാം നൂറ്റാണ്ടിലെ ജനങ്ങളുടെ ഉത്സാഹം അപ്പോസ്ത

ലപ്രവൃത്തി 17: 11 ൽ രേഖപ്പെടുത്തിയിരിക്കുന്നു. തിരുവെഴുത്തുകൾ അധ്യായങ്ങളായോ വാക്യങ്ങളായോ തരം തിരിക്കാതിരുന്ന അക്കാലത്തു, ലഭ്യമായിരുന്നിടത്തു ചെന്ന് 'ബെരോവ'ക്കാർ തിരുവെഴുത്തുകൾ പരിശോധിച്ചത് നമുക്ക് എത്ര പ്രചോദനം നൽകേണ്ടതാണ്. AD 1236 ൽ, അതായതു പതിമൂന്നാം നൂറ്റാണ്ടിലാണ് വേദപുസ്തകത്തെ അധ്യായങ്ങളായി തിരിച്ചത്. അതേത്തുടർന്ന് AD 1551 ൽ അതായതു പതിനാറാം നൂറ്റാണ്ടിൽ മാത്രമാണ് വാക്യങ്ങളായിത്തിരിച്ചതും. ഇന്ന് നമുക്ക് ഓരോ വേദഭാഗങ്ങളും വേഗത്തിൽ കണ്ടുപിടിക്കുവാൻ വളരെ സഹായകമായ ഒന്നാണിത്.

അക്ഷര ശുശ്രൂഷയിലൂടെ വ്യക്തികളെ നിത്യതയ്ക്കായി ഒരുക്കുക എന്ന ദൈവിക നിയോഗമനുസരിച്ചു തുടങ്ങിയതാണ് നേർവീഥി മാസിക. വിമർശനങ്ങളോ, വ്യക്തിഹത്യയോ, വരുമാനം ലക്ഷ്യമാക്കിയുള്ള പരസ്യങ്ങളോ പാടില്ല എന്നത് ഞങ്ങളുടെ നയപരമായ തീരുമാനമാണ്. പ്രതിഫലേച്ഛ കൂടാതെ, കാലോചിതമായി, ദൈവാത്മപ്രേരിതരായ നിസ്വാർത്ഥ വ്യക്തികൾ എഴുതുന്ന ലേഖനങ്ങൾ, വായനക്കാരുടെ ആത്മികവർധനയ്ക്കുതകുന്നതും അവശ്യം അറിഞ്ഞു പ്രായോഗികമാക്കേണ്ടതും ഈടുറ്റതും ചിന്തോദ്ദീപകവുമാണ്.

ദൈവാത്മപ്രേരിതമായ ഒരു പ്രവർത്തനമെന്ന ബോധ്യത്തിലാണ് ഈ പ്രസിദ്ധീകരണം തുടരുന്നത്. എഴുത്തുകാരായ പ്രിയപ്പെട്ടവർക്കും സാമ്പത്തികമായി സഹായിക്കുന്ന സുമനസുകൾക്കും നന്ദി കരേറ്റുന്നതോടൊപ്പം, ആയതിനു അവരെ സജ്ജരാക്കുന്ന ദൈവത്തിനു സ്തുതി സ്തോത്രങ്ങളർപ്പിക്കുകയും ചെയ്യുന്നു. മാന്യവായനക്കാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വാട്സ്ആപ്പിൽ മെസ്സേജ് ആയി അറിയിക്കാവുന്നതാണ്. •

***എഡിറ്റർ: 94 95 21 32 69***

# സമയം കണ്ടെത്തി വായിക്കുക

**പഠനത്തിന്റെ താക്കോലാണ് വായന. ഓരോരുത്തരും അവരവരുടെ ജീവിതത്തിൽ വളർത്തിയെടുക്കേണ്ട ഒരു ശീലമാണിത്. വായിക്കാനുള്ള കഴിവ് പുതിയ വസ്തുതകൾ കണ്ടെത്താൻ നമ്മെ പ്രാപ്തരാക്കുകയും ആശയങ്ങളുടെയും അവസരങ്ങളുടെയും ഒരു പുതിയ ലോകത്തിലേക്കുള്ള വാതിൽ തുറക്കുകയും ചെയ്യുന്നു. നമുക്ക് ധാരാളം വിവരങ്ങൾ ശേഖരിക്കാനും ജീവിതത്തിലെ വിവിധ പ്രതിസന്ധികളെ മറികടക്കുവാനും ഇത് സഹായകവുമാണ്. ധാരാളം വായിക്കുന്നവർക്ക് ധാരാളമായി പദസമ്പത്തു സ്വായത്തമാക്കുവാനും അനർഗ്ഗളം പദങ്ങൾകൊണ്ട് അമ്മാനമാടി ആകർഷകമായി പ്രസംഗിക്കുവാനും സംസാരിക്കുവാനും അനായാസം സാധിക്കും . വായനാശീലം നമ്മുടെ അറിവ് വർദ്ധിപ്പിക്കുകയും നമ്മെ കൂടുതൽ ബുദ്ധിയുള്ളവരും വിവേകപൂർണ്ണരും ആക്കുകയും ചെയ്യുന്നു. ഒരാൾക്ക് ഉണ്ടാകാവുന്ന ഏറ്റവും നല്ല ഹോബികളിൽ ഒന്നാണ് വായന. വ്യത്യസ്ത തരം പുസ്തകങ്ങൾ വായിക്കുന്നത് രസകരമാണ്. വിവിധ തരം പുസ്തകങ്ങൾ വിപണിയിൽ ലഭ്യമാണ്. പ്രയോജനപ്രദമായവ മാത്രം തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കണം എന്നു മാത്രം. എപ്പോൾ വേണമെങ്കിലും എവിടെയും യാത്രാവേളകളിൽ വായിക്കാൻ കഴിയുന്ന, ആത്മിക വർദ്ധനവിനുതകുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുവാൻ അവരവരുടെ സമയം ഫലപ്രദമായി വിനിയോഗിക്കുക. അധികം സമയം എടുത്തു ആവർത്തിച്ചാവർത്തിച്ചു തിരുവെഴുത്തുകളും അവയുടെ പൊരുൾ തിരിക്കുന്ന മാസികകളും ആത്മിക ഗ്രന്ഥങ്ങളും അന്വേഷണ ബുദ്ധിയോടെ വായിച്ചന്വേഷിച്ചാൽ വിലയേറിയ ആത്മികനിധികൾ കണ്ടെത്തുവാൻ കഴിയും.**






സുജ വിനു

# വിളിയോടുള്ള വിധേയത്വം

**എ**ന്റെ ഹിതമല്ല, നിന്റെ ഹിതം എന്നിൽ നിറവേറട്ടെയെന്ന് ഗത്സമനയിലുയർന്ന നിലവിളി വചന പഠിതാക്കൾക്ക് സുപരിചിതമാണ്. പാപികളായ മനുഷ്യർക്കുവേണ്ടി ദൈവപുത്രൻ സ്വന്തം ജീവനെ പിതാവിന്റെ ഹിതത്തിനു സമർപ്പിക്കുമ്പോഴുള്ള ഈ പ്രാർത്ഥന നമ്മുടെ മനോഭാവത്തിനും അനുസരണത്തിനുമുള്ള മാതൃകയായി നാം ധ്യാനിക്കുന്നു. എന്നാൽ ദൈവഹിതത്തിന് തന്റെ ജീവിതത്തെ സമർപ്പിച്ച ഒരു കന്യകയുടെ  ശബ്ദം നാം അത്രമേൽ ശ്രദ്ധിച്ചു പഠിച്ചിട്ടുണ്ടോ? ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ മാനം ജീവനെപ്പോലെ വിലയേറിയതാകയാൽ ഒരർത്ഥത്തിൽ അവളും ജീവനെ തന്നെയാണ് സമർപ്പിച്ചത്. യഹൂദ പാരമ്പര്യ പ്രകാരം വിവാഹം നിശ്ചയിക്കപ്പെട്ട ഒരു കന്യക ഭാര്യയായിത്തന്നെ പരിഗണിക്കപ്പെടുന്നു. അവൾ ഭർത്താവ് അറിയാതെ ഗർഭിണിയായാൽ അവളെ ഉപേക്ഷിക്കാനുള്ള അവകാശം  ന്യായപ്രമാണം ഭർത്താവിനു നൽകുന്നു. ഈ പശ്ചാത്തലത്തിൽ  ചിന്തിക്കുമ്പോൾ, നസ്രത്ത് പട്ടണത്തിലെ മറിയ എന്ന് പേരുള്ള ആ ചെറുബാലിക എടുത്ത തീരുമാനത്തിന്റെ ആഴം നമ്മെ ആശ്ചര്യപ്പെടുത്തും!

ദൈവം പല കാലങ്ങളിൽ പല വ്യക്തികളെ തന്റെ രക്ഷാപദ്ധതിയിലേക്ക് പേർ ചൊല്ലി വിളിക്കുന്നതായി ബൈബിളിൽ നാം കാണുന്നു. അങ്ങനെ വിളിക്കപ്പെട്ടവരുടെ ചരിത്രം പഠിക്കുമ്പോൾ ഏറ്റവും ധീരമായ മനസ്സോടെ, ദൈവവിളിയോടു പ്രതികരിച്ചവളായി ഈ കന്യകയെ കാണാം. വേർപെട്ട ഒരു ജനതയെ തനിക്കായി തിരഞ്ഞെടുക്കുമ്പോൾ ദൈവം വിളിക്കുന്ന അബ്രഹാമും, ആ ജനതയുടെ ലക്ഷ്യദേശത്തേക്കുള്ള യാത്രയെ നയിക്കാൻ വിളിക്കപ്പെടുന്ന മോശെയും, സംശയത്തിന്റെയോ ഉറപ്പില്ലായ്മയുടെയോ ചില മറുതലിപ്പുകൾ പറയുമ്പോൾ, ഇവിടെ 'ഇതാ കർത്താവിന്റെ ദാസി' എന്ന് നിസംശയം തന്റെ വിശ്വാസത്തെ പ്രഖ്യാപിക്കുന്നു മറിയ എന്ന കന്യക.

വലിയൊരു ജനതയുടെ ഉറവിടം ആകുമെന്നോ, പാലും തേനും ഒഴുകുന്ന നാട്ടിൽ എത്തിച്ചേരുമെന്നോ ഉള്ള വാഗ്ദത്തങ്ങൾ അവൾക്ക് ലഭിക്കുന്നില്ല, എങ്കിലും, ദൈവഹിതം അതെന്തു തന്നെയായാലും 'ഇ

**വേർപെട്ട ഒരു ജനതയെ തനിക്കായി തിരഞ്ഞെടുക്കുമ്പോൾ ദൈവം വിളിക്കുന്ന അബ്രഹാമും, ആ ജനതയുടെ ലക്ഷ്യദേശത്തേക്കുള്ള യാത്രയെ നയിക്കാൻ വിളിക്കപ്പെടുന്ന മോശെയും, സംശയത്തിന്റെയോ ഉറപ്പില്ലായ്മയുടെയോ ചില മറുതലിപ്പുകൾ പറയുമ്പോൾ, ഇവിടെ 'ഇതാ കർത്താവിന്റെ ദാസി'എന്ന് നിസംശയം തന്റെ വിശ്വാസത്തെ പ്രഖ്യാപിക്കുന്നു മറിയ എന്ന കന്യക.**

താ നിന്റെ ദാസി' എന്ന് അവൾ സ്വയം സമർപ്പിച്ച് ഏൽപ്പിച്ചു കൊടുക്കുന്നു.

തന്റെ മാനത്തിനും ജീവനും ജീവിതത്തിനും നേരെ ഉണ്ടാകാൻ പോകുന്ന സകല പ്രതികൂലങ്ങളെയും മുന്നിൽ കണ്ടിട്ടും ഇടറാതെ, പതറാതെ, ദൈവഹിതത്തിന് സമർപ്പിക്കുന്ന മറിയയുടെ വിശ്വാസം പ്രകീർത്തനമായിരിക്കുമ്പോൾ തന്നെ അവളുടെ സ്വഭാവ സവിശേഷതകളും അതുപോലെ അനുകരണീയമാണ്. ദൂതൻ, തന്നെ സന്ദർശിച്ചതും ഇങ്ങനെ അറിയിച്ചതും ഒന്നും അവൾ യോസേഫിനോട് പോലും പങ്കുവയ്ക്കുന്നില്ല. അരുളിച്ചെയ്തവ തക്കസമയത്ത് നിവർത്തിക്കാനുള്ള ദൈവത്തിന്റെ കഴിവിൽ അവൾക്കുള്ള വിശ്വാസത്തോടൊപ്പം, എല്ലാം വെളിപ്പെടുത്താതെയുള്ള അവളുടെ ആത്മസംയമനവും ശ്രദ്ധാർഹമാണ്. ഒരു വെളിപ്പാടോ, ദർശനമോ ഉണ്ടായാലും, ഉണ്ടായില്ലെങ്കിലും അതിനെപ്പറ്റി വിളിച്ചു പറഞ്ഞു നടക്കുന്ന നമുക്ക് അവളിൽ നിന്ന് പഠിക്കാനുള്ള ആദ്യപാഠം അവളുടെ ആത്മസംയമനമാണ്. 'അവൾ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു' എന്ന് വചനം സാക്ഷ്യം പറയുന്ന ആത്മസംയമനം.

അബ്രഹാമിനെ പോലെ, ഹാഗാറിലൂടെയുള്ള സ്വപരിശ്രമമോ, മോശയെ പോലെ ദൈവത്തിന്റെ സമയത്തിനുമുമ്പ് ഈജിപ്ഷ്യനെ കൊല്ലുന്ന സ്വയാശ്രിതത്വമോ മറിയ പരീക്ഷിക്കുന്നില്ല. അവൾ കാത്തിരുന്നു; 'നിശബ്ദയായി'. ദൈവത്തിലുള്ള അവളുടെ സമ്പൂർണ്ണ ആശ്രയത്വം നമുക്ക് മാതൃകയാക്കാനുള്ള അടുത്ത പാഠമാണ്. പുത്രന്റെ ജനനശേഷവും എന്തെല്ലാം സംശയങ്ങൾ അവളിലൂടെ കടന്നു പോയിരിക്കാം. പിറക്കാൻ ഒരിടം പോലുമില്ലാതെ, തന്നെ കൊല്ലാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് ഓടി ഒളിക്കാൻ ശ്രമിക്കുന്നവനായി ദൈവപുത്രൻ അവതരിപ്പിക്കപ്പെടുമ്പോഴും സംശയരഹിതയായിരിക്കുന്നു, മറിയ. ദൈവവചനം നിറവേറും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി എന്ന് എലിസബത്ത് പറയുന്നുവല്ലോ.

താനും ഗർഭിണിയായിരിക്കുമ്പോൾ, മറ്റൊരു ഗർഭിണിയെ ശുശ്രൂഷിക്കാൻ തയ്യാറാവുന്ന മറിയയുടെ സേവന മനോഭാവവും നമ്മൾ അവളിൽ നിന്ന് ഉൾകൊള്ളേണ്ടുന്ന ഒരു സത്ഗുണമാണ്. എലിസബത്ത്, ഭാഗ്യവതി എന്ന് തന്നെ പുകഴ്ത്തുമ്പോൾ, പ്രതികരണമായി അവൾ പാടുന്ന സ്തുതിഗീതം, വചനത്തിലും ദൈവിക വാഗ്ദത്തങ്ങളിലും ഉള്ള അവളുടെ പരിജ്ഞാനത്തിന്റെ ദൃഷ്ടാന്തം ആകുന്നു. ദൈവവചനത്തിലുള്ള അറിവ്, ജീവിതത്തിന്റെ ഏതുപ്രതികൂലങ്ങളിലും ഉറപ്പുള്ള പാറയായി ദൈവം നമുക്കുണ്ട് എന്നതിന്റെ നേർസാക്ഷ്യം ആണ് മറിയയുടെ ജീവിതം. തന്റെ പുത്രന്; ഭ്രാന്തുണ്ട് (മർക്കോസ് 3:21), അവൻ ഭോജനപ്രിയനായി നടക്കുന്നു, പാപികളോട് കൂട്ടുകൂടുന്നു(ലൂക്കോസ് 7:34) എന്നെല്ലാമുള്ള ആരോപണങ്ങൾക്കിടയിലും, അതുവരെയും ഒരു അത്ഭുതം പോലും ചെയ്തു കാണാഞ്ഞിട്ടും 'അവൻ പറയുന്നതുപോലെ ചെയ്യുക' എന്നു കാനാവിലെ ധീരതയോടെയുള്ള അവളുടെ മാർഗ്ഗനിർദ്ദേശം, തന്നിലുരുവായത് ദൈവപുത്രൻ എന്നുള്ള അവളുടെ ഉറച്ച വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. ഈ ഉറച്ച വിശ്വാസം ആണ് തന്നിലൂടെ കടന്നുപോയ സകല വേദനകളെയും സംയമനത്തോടെ അതിജീവിക്കാൻ അവളെ പ്രേരിപ്പിച്ചതും. ക്രിസ്തുവിന്റെ ജനനത്തിനു മുമ്പേതൊട്ട് (ഗർഭധാരണം മുതൽ) ജനനവും ജീവിതവും മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മാവിന്റെ ആഗമനവും അത്ഭുത പ്രവർത്തികളും എല്ലാം കണ്ട ഒരേ ഒരു നേർസാക്ഷിയായി വചനം നമുക്ക് കാണിച്ചുതരുന്നത് മറിയ എന്ന ഈ സ്ത്രീയെ മാത്രമാണ്.

ദൈവഹിതത്തിനുള്ള സമ്പൂർണ്ണ സമർപ്പണം, ക്രിസ്തു, ദൈവപുത്രൻ ആയിരുന്നതുകൊണ്ടാണ് സാധ്യമായത് എന്ന വാദത്തിന് പ്രതിവാദമായി, കേവലം ആരാലും അറിയപ്പെടാതിരുന്ന ഈ കന്യക നമുക്ക് മുൻപിൽ ധീരവിശ്വാസത്തിന്റെ ഉദാത്ത മാതൃകയായി ഇന്നും ജ്വലിച്ചു നിൽക്കുന്നു. ●

**പിറക്കാൻ ഒരിടം പോലുമില്ലാതെ, തന്നെ കൊല്ലാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് ഓടി ഒളിക്കാൻ ശ്രമിക്കുന്നവനായി ദൈവപുത്രൻ അവതരിപ്പിക്കപ്പെടുമ്പോഴും സംശയരഹിതയായിരിക്കുന്നു, മറിയ. ദൈവവചനം നിറവേറും എന്ന് വിശ്വസിച്ചവൾ**

## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ



ജോയ് എം. തോമസ്

# ആലയ ശുദ്ധീകരണം

*'യേശു ദൈവാലയത്തിൽ ചെന്ന്, ദൈവാലയത്തിൽ വിൽക്കുന്നവരെയും കൊള്ളുന്നവരെയും എല്ലാം പുറത്താക്കി, പൊൻ വാണിഭക്കാരുടെ മേശകളെയും, പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചു കളഞ്ഞ് അവരോട്: എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു, നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർക്കുന്നു എന്നു പറഞ്ഞു. കുരുടന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുക്കൽ വന്നു, അവൻ അവരെ സൗഖ്യമാക്കി. എന്നാൽ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവൻ ചെയ്ത അത്ഭുതങ്ങളെയും ദാവീദ് പുത്രന് ഹോശന്നാ എന്നു ദൈവാലയത്തിൽ ആർക്കുന്ന ബാലന്മാരെയും കണ്ടിട്ട് നീരസപ്പെട്ടു. ഇവർ പറയുന്നത് കേൾക്കുന്നുവോ എന്ന് അവനോട് ചോദിച്ചു. യേശു അവരോട്: ഉവ്വ് ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽ നിന്ന് നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളത് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ എന്ന് ചോദിച്ചു. പിന്നെ അവരെ വിട്ട് നഗരത്തിൽ നിന്ന് പുറപ്പെട്ടു ബേഥാന്യയിൽ ചെന്ന് അവിടെ രാത്രി പാർത്തു'(മത്തായി 21:12-17).*

യേശുകർത്താവ് ദൈവാലയത്തെ ശുദ്ധീകരിക്കുന്ന സംഭവമാണ് മുകളിൽ ഉദ്ധരിക്കപ്പെട്ട വേദഭാഗത്ത് കാണുന്നത്. ദൈവാലയം എന്തിനുവേണ്ടി പണികഴിപ്പിച്ചുവോ അതുമാത്രമാണ് അവിടെ നിവർത്തിക്കപ്പെടേണ്ടത്. അതിൽ നിന്നും വ്യതിചലിച്ചുള്ള ഏതു പ്രവർത്തിയും ദൈവത്തെ വളരെ ദു:ഖിപ്പിക്കുന്നതാണ്, ദൈവാലയം അശുദ്ധമാക്കുന്നതാണ്.

യേശുകർത്താവിന്റെ ദൃഷ്ടിയിൽ അന്നത്തെ ദൈവാലയം കള്ളന്മാരുടെ ഗുഹയാക്കപ്പെട്ടിരുന്നു. ദൈവാലയം പ്രാർത്ഥനാലയമാണ്. പ്രാർത്ഥനാലയം ദൈവത്തിൽ നിന്നും സന്തോഷം പ്രാപിക്കുവാൻ കഴിയുന്ന സ്ഥലമാണ്. (യെശയ്യാവ് 56: 7). ദു:ഖിതയും ഹതാശയുമായിരുന്ന ഹന്ന ആശ്വാസവും വിടുതലും പ്രാപിച്ചത് പ്രാർത്ഥനാലയത്തിൽ വച്ച് ഹൃദയം ദൈവസന്നിധിയിൽ പകർന്നപ്പോഴാണ് (1 ശമുവേൽ 1:15,18). മറ്റൊരു ഹന്നയെക്കുറിച്ച് പുതിയനിയമത്തിൽ എഴുതിയിരിക്കുന്നു.'ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്ന എന്നൊരു പ്രവാചകി ഉണ്ടായിരുന്നു. അവൾ വിവാഹം കഴിഞ്ഞു ഭർത്താവിനോടു കൂടെ ഏഴ് സംവത്സരം കഴിച്ചു. 84 സംവത്സരം വിധവയും വളരെ വയസ്സ് ചെന്നവളുമായി ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തുപോന്നു' (ലൂക്കോസ് 2:36,37). ഹന്ന ജീവിതകാലം മുഴുവൻ ദൈവാലയത്തിൽ കഴിച്ചുകൂട്ടി. കാരണം ദൈവാലയം അവൾക്ക് പ്രാർത്ഥിക്കുവാനും ദൈവത്തെ ആരാധിക്കുവാനുള്ള സ്ഥലമായിരുന്നു. ശലോമോൻ രാജാവ് പ്രഥമ ആലയം പണി കഴിപ്പിച്ചു സമർപ്പിക്കുന്ന നേരത്ത് പ്രാർത്ഥിച്ചത് ഇപ്രകാരമായിരുന്നു: 'അടിയൻ ഈ സ്ഥലത്ത് വെച്ച്

കഴിക്കുന്ന പ്രാർത്ഥന കേൾക്കേണ്ടതിന് നിന്റെ നാമം ഉണ്ടായിരിക്കുമെന്ന് നീ അരുളിച്ചെയ്ത സ്ഥലമായ ഈ ആലയത്തിലേക്ക് രാവും പകലും തൃക്കൺ പാർത്തരുളണമേ. ഈ സ്ഥലത്ത് വെച്ച് പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ജനമായ ഇസ്രയേലിന്റെയും യാചന കേൾക്കേണമേ. നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ കേൾക്കണമേ, കേട്ട് ക്ഷമിക്കണമേ (1 രാജാക്കന്മാർ 8:29,30).

പ്രാർത്ഥനാലയമായിരിക്കേണ്ട ദൈവാലയം കള്ളന്മാരുടെ ഗുഹയായിത്തീർന്നു എന്നത് എത്ര വേദനാജനകവും ഗൗരവമായതുമാണ്. ആരാണ് ഇങ്ങനെ ആക്കിത്തീർത്തത്? മതപ്രമാണികളായ ജനനായകന്മാർ തന്നെ! അവരിൽ വേരുപിടിച്ചു വളർന്ന ദ്രവ്യാഗ്രഹം അവരെ കൊണ്ടെത്തിച്ചത് ഇത്തരം പ്രവൃത്തിയിലാണ്. ഈ സംഭവം ഇന്ന് നമ്മിലേക്കും ആത്മീക നായകന്മാരിലേക്കും ഒക്കെ വിരൽ ചൂണ്ടുന്നുണ്ടോ? ശരിയായ ഒരു സ്വയപരിശോധന നമുക്ക് എല്ലാവർക്കും അനിവാര്യമാണ്.

ആത്മികതയുടെ മറവിൽ അനാത്മിക പ്രവൃത്തികളോ? പ്രാർത്ഥനയുടെയും ആരാധനയുടെയും മറവിൽ പണസമ്പാദനത്തിനുള്ള വ്യാപാരങ്ങളോ? പഴയനിയമ കാലയളവിൽ ദൈവാലയത്തിൽ ആരാധനയ്ക്ക് എത്തുന്നവർക്ക് യാഗം അർപ്പിക്കണമായിരുന്നുവല്ലോ. യാഗമൃഗങ്ങൾ ഊനമില്ലാത്തവ ആയിരിക്കണം. യാഗം അർപ്പിക്കുവാൻ അനുയോജ്യമായ യാഗമൃഗങ്ങളെ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുക എന്ന നല്ല ഉദ്ദേശ്യമെന്ന വ്യാജേന, നല്ല ലാഭത്തിൽ ഇവകളെ വിൽക്കുകയാണ് ചെയ്തത്. അതുപോലെ, ദൂരെനിന്നും വരുന്നവർ അവർ പാർക്കുന്ന രാജ്യത്തുപയോഗിച്ചിരുന്ന നാണയങ്ങൾ എന്തിന്റെയെങ്കിലും രൂപം (image) ഉള്ളവ ആയിരുന്നു. അത് ദൈവാലയത്തിൽ ഉപയോഗിക്കുവാനും അർപ്പിക്കുവാനും പാടില്ലായിരുന്നു. അതിനാൽ അവയ്ക്ക് പകരം യഹൂദനാണയങ്ങൾ (Jewish coins) മാറി എടുക്കുവാനുള്ള സൗകര്യം ഒരുക്കുന്നതിലൂടെ പണസമ്പാദനത്തിനുള്ള മാർഗമായി അതു പരിണമിച്ചു. 'സഹായം' എന്ന നല്ല ആശയത്തിന്റെ/പ്രവർത്തിയുടെ മറവിൽ പണം സമ്പാദിക്കുന്ന ഏതും ദൈവം വെറുക്കുന്നു എന്നാണ് കർത്താവ് നമ്മെ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

നല്ല ലക്ഷ്യങ്ങളെയും നല്ല പ്രവർത്തികളെയും അട്ടിമറിക്കുന്ന വിപത്താണ് ദ്രവ്യാഗ്രഹം. പൗലോസ് അപ്പോസ്തലനിലൂടെ പരിശുദ്ധാത്മാവ് ഗൗരവമായി ഈ വിഷയം നമ്മെ ഓർമിപ്പിക്കുന്നുണ്ട്. 'ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും, മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ, ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു ബഹുദു:ഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു' (1 തിമോഥെയോസ് 6:9,10). 'പണമില്ലാത്തവൻ പിണം ആകുന്നു' എന്ന പഴഞ്ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. പണം ഉള്ളവർക്കേ ഇവിടെ മാന്യതയുള്ളൂ. അവർക്കേ ഇവിടെ ജീവിക്കാൻ കഴിയൂ എന്ന ചിന്താഗതിക്ക് വലിയ സ്വീകാര്യതയുണ്ട്. അതുകൊണ്ടു ധനികരാകുവാനുള്ള പരീക്ഷ എല്ലാവരും അഭിമുഖീകരിക്കുന്നുണ്ട്. ഈ പരീക്ഷയിൽ തോറ്റുപോയാൽ നമ്മുടെ ലക്ഷ്യം തെറ്റും.

യേശുവിന്റെ ശിഷ്യനായി കൂടെ നടക്കുകയും പിന്നീട് ഒറ്റിക്കൊടുക്കുന്ന വഞ്ചകനായി അധ:പ്പതിക്കുകയും ചെയ്ത യൂദാ ഒരു ദ്രവ്യാഗ്രഹി ആയിരുന്നു. പണസഞ്ചി അവന്റെ കയ്യിൽ ആയിരുന്നതിനാൽ അതിൽ നിന്നും 'അടിച്ചുമാറ്റുന്ന' സ്വഭാവം അവനുണ്ടായിരുന്നു. യേശുവിന്റെ ശരീരത്തിൽ വിലയേറിയ എണ്ണ പൂശിയ മറിയയെ യൂദ വിമർശിച്ചു. യൂദയുടെ അഭിപ്രായത്തിൽ അത് 300 വെള്ളിക്കാശിന് വിറ്റു ദരിദ്രരെ സഹായിക്കുന്നതായിരുന്നു ഉത്തമം (യോഹന്നാൻ 12:3...5). പക്ഷേ യൂദ ഇസ്ക്കാരിയോത്താവിന്റെ ഉള്ളിലിരിപ്പ് എന്തായിരുന്നു? ദരിദ്രന്മാരെക്കുറിച്ചുള്ള കരുതലോ വിചാരമോ ആയിരുന്നുവോ? അല്ലേ, അല്ല! 'ഇത് ദരിദ്രന്മാരെക്കുറിച്ചുള്ള വിചാരം ഉണ്ടായിട്ടല്ല. അവൻ കള്ളനാകകൊണ്ടും പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടത് എടുത്ത് വന്നതുകൊണ്ടും അത്രേ പറഞ്ഞത്'. നോക്കൂ, ദ്രവ്യാഗ്രഹത്തിന്റെ കൗശല വാക്കുകൾ. ആതുര സേവനങ്ങൾ (Charitable activities) മറയാക്കി ചെയ്യുന്ന പല പ്രവർത്തനങ്ങളും ദ്രവ്യാഗ്രഹത്തിൽ നിന്നാകാം. ആത്മീയതയുടെ മറവിൽ നടക്കുന്ന വഞ്ചനയുടെ മാർഗങ്ങൾ. യേശുവിന്റെ കൂടെ നടന്ന യൂദായുടെ ഉള്ളിലിരുപ്പു പോലെ ഉള്ളിലിരുപ്പുള്ള വ്യക്തികൾ ഇന്നും നമ്മുടെ കൺമുമ്പിൽ നടക്കുന്നില്ലേ?

ഈ കപടത്തിൽ നിങ്ങൾ പെട്ടിട്ടുണ്ടോ? പരാമർത്ഥമായും സത്യസന്ധമായും ആതുരസേവനം ചെയ്യുന്നവരെ ഇവിടെ വിസ്മരിക്കുന്നില്ല.

പത്രോസ് അപ്പോസ്തലൻ കൂട്ടുമൂപ്പന്മാരെ പ്രബോധിപ്പിച്ചു: 'നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊള്ളുക. നിർബന്ധത്താലല്ല ദൈവത്തിന് ഹിതം ആകും വണ്ണം മന:പ്പൂർമായും, ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും, ഇടവകകളുടെ മേൽ കർതൃത്വം നടത്തുന്നവരായിട്ടല്ല ആട്ടിൻകൂട്ടത്തിന് മാതൃകകളായിത്തീർന്നുകൊണ്ടും അധ്യക്ഷത ചെയ്യുവിൻ' (1 പത്രോസ് 5: 2, 3). ഇവിടെ, ദ്രവ്യാഗ്രഹം എന്നത് ആട്ടിൻകൂട്ടത്തെ മേയിക്കുന്നതിനാൽ എന്ത് സാമ്പത്തിക നേട്ടം കിട്ടും എന്ന ചിന്തയാണ്. അത് അരുത് എന്നാണ് പ്രബോധനം. ദൈവവേല ചെയ്യുന്നവർക്ക് ഭൗതിക ലഭേച്ഛ ഉണ്ടാകുവാൻ പാടില്ല. അവരെ ഭരിക്കേണ്ടത് ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ഉളവാകുന്ന ആത്മഭാരം ആയിരിക്കണം. വലിയ സഭ എന്നോ, വലിയ സംഘടന എന്നോ, പേരോ പദവിയോ ഒന്നുമായിരിക്കരുത്. ധനസമ്പാദന മാർഗമായി സുവിശേഷ പ്രവർത്തനങ്ങളെ ആരും മാറ്ററുത്. തികഞ്ഞ ആത്മഭാരത്തോടും നിഷ്കളങ്ക ഹൃദയത്തോടും ചെയ്യേണ്ടതാണ് സുവിശേഷ പ്രവർത്തനങ്ങൾ.

ദൈവാലയത്തിന്റെ ഒരു ഭാഗമായിരുന്നു പ്രാകാരം. അതിൽ ജാതികളുടെ പ്രാകാരമായി വേർതിരിച്ച ഒരു ഭാഗം ഉണ്ടായിരുന്നു. അവിടെയായിരുന്നു ഈ ബിസിനസിന്റെ കൗണ്ടർ പ്രവർത്തിച്ചിരുന്നത്. കർത്താവ് അവിടെ നിന്നും അത് പുറത്താക്കി. പ്രാവുകളെ വിൽക്കുന്നവരെയും നാണയം മാറുന്നവരെയും എല്ലാം പുറത്താക്കി. ഇന്ന് സഭയ്ക്കുള്ളിലുള്ള എല്ലാ അനാത്മികതയും മാതൃക ഇല്ലായ്മയും വേരോടെ പിഴുതു കളഞ്ഞെങ്കിൽ മാത്രമേ ജാതികൾ രക്ഷിക്കപ്പെട്ടു സഭയിലേക്ക് വരികയുള്ളൂ. കണ്ണുനീരോടും പ്രാർത്ഥനയോടും ആത്മഭാരത്തോടും കൂടെയുള്ള സുവിശേഷ പ്രവർത്തനങ്ങളാണ് നമുക്ക് ഉണ്ടാകേണ്ടത്. കർത്താവ് തന്റെ സഭയെ ശുദ്ധീകരിക്കേണ്ടതിനായി നമുക്കും പ്രാർത്ഥിക്കാം.

ദൈവാലയ ശുദ്ധീകരണത്തെ തുടർന്ന് എന്താണ് സംഭവിച്ചത്? 'കുരുടന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുക്കൽ വന്നു, അവൻ അവരെ സൗഖ്യമാക്കി'. ഒരു ശുദ്ധീകരണം ഉണ്ടായാൽ ഇന്നും കർത്താവിന്റെ വലിയ പ്രവർത്തികൾ വെളിപ്പെടും എന്നത് തീർച്ചയാണ്. പീഡനങ്ങളോ സുവിശേഷവിരോധികൾ സൃഷ്ടിക്കുന്ന തടസ്സങ്ങളോ അല്ല സുവിശേഷീകരണത്തിന്റെ യഥാർത്ഥ തടസ്സം. സഭയ്ക്കുള്ളിൽ അരങ്ങുതകർക്കുന്ന അനാത്മികതയും അമാതൃകയും ആണ്. ധനസമ്പാദന മാർഗങ്ങളായി പല പ്രവർത്തനങ്ങളും അധ:പ്പതിച്ചു. ഒരു മാനസാന്തരം അനിവാര്യമായിരിക്കുന്നു.

**അവർ അവരുടെ മശിഹയെ തിരിച്ചറിഞ്ഞില്ല, അവരുടെ മുമ്പിൽ മശിഹാ നിന്നിട്ടും! മശിഹയുടെ അത്ഭുത പ്രവർത്തികൾ കണ്ടിട്ടും അവർക്ക് മനസ്സിലായില്ല. എത്ര കഷ്ടം! ശരിക്കും അവർ കുരുടന്മാർ ആയിരുന്നു.**

മഹാപുരോഹിതരും ശാസ്ത്രിമാരും നീരസം പ്രകടിപ്പിക്കുകയാണ്. 'കുരുടരും മുടന്തരും' സൗഖ്യം ആയതിൽ അവർ സന്തോഷിക്കുകയല്ല. 'ദാവീദുപുത്രനു ഹോശന്ന' പാടുന്നത് അവർക്ക് അരോചകമായി തോന്നി. കാരണം അവർ അവരുടെ മശിഹയെ തിരിച്ചറിഞ്ഞില്ല, അവരുടെ മുമ്പിൽ മശിഹാ നിന്നിട്ടും മശിഹയുടെ അത്ഭുത പ്രവർത്തികൾ കണ്ടിട്ടും അവർക്ക് മനസ്സിലായില്ല. എത്ര കഷ്ടം! ശരിക്കും അവർ കുരുടന്മാർ ആയിരുന്നു. ദ്രവ്യാഗ്രഹവും സ്ഥാനമോഹവും കപടഭക്തിയും അവരെ കുരുടരാക്കിത്തീർത്തു..

കർത്താവ് അവരോട് ചോദിച്ചു: 'ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽ നിന്ന് നീ പുകഴ്ച ഒരുക്കിയിരിക്കുന്നു' എന്നുള്ളത് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ? എട്ടാം സങ്കീർത്തനം പലവട്ടം അവർ വായിച്ചിട്ടുണ്ടാവും. അത് ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അവരുടെ കൺമുമ്പിൽ ആ വചനം നിറവേറിയിട്ടും അവർക്ക് മനസ്സിലായില്ല എത്ര കഷ്ടം! ഇന്നും ദൈവവചനം വായിക്കുന്നവരും, കേൾക്കുന്നവരും പഠിക്കുന്നവരും ഇത് ഗ്രഹിക്കുന്നുണ്ടോ? ദൈവവചനം എന്ന ഗൗരവം അവർക്കുണ്ടോ? വചനം നിവർത്തിയാകുന്നത് കാണുമ്പോൾ ഗ്രഹിക്കുന്നുണ്ടോ? നാം ഏതു കൂട്ടത്തിലുള്ളവർ? നമുക്ക് നമ്മെത്തന്നെ ശോധന ചെയ്യാം... ●

# എന്നോട് പഠിപ്പിൻ

ഒരു ഗുരുവിനും സാധിക്കാത്ത ഒന്നാണ് ഗുരുവിനെപ്പോലെ ആകുന്നത് ശിഷ്യന് മതിയെന്നുള്ള യേശുവിന്റെ പ്രഖ്യാപനം. ഒരു വ്യക്തിയിൽ ജനനം മുതൽ ആരംഭിക്കുന്ന പഠനം മരണത്തോളം തുടർന്നുകൊണ്ടിരിക്കുന്നു. നാം പലതും പഠിക്കുന്നത് കണ്ടും കേട്ടും തിരുവെഴുത്തുകളുടെ വായനയിലൂടെയും ആണ്. മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും പ്രകൃതിയിൽ നിന്നും അനുഭവങ്ങളിൽ നിന്നും പലതും പഠിക്കുന്നു. അത് എല്ലാം നല്ലതാണെന്ന് അവകാശപ്പെടാൻ കഴിയുകയില്ല. 'ലോകത്തിന്റെ ആദ്യപാഠങ്ങളെ കുറിച്ച്' എന്ന് പൗലോസ് അപ്പോസ്തലൻ പരാമർശിക്കുന്നുണ്ട്. 'എന്നാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി: പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നത്എന്ത് എന്ന്' പൗലോസ് ചോദിക്കുന്നു.

ലോകം പഠിപ്പിച്ചതും ലോകത്തിൽ നിന്ന് പഠിച്ചതും എല്ലാം ലോകത്തിന്റെ നിയമങ്ങൾക്കനുസരിച്ച് ജീവിക്കുവാനാണ്. എന്നാൽ ദൈവരാജ്യത്തിന്റെ അനുഭവങ്ങൾ അവകാശപ്പെടുത്തണമെങ്കിൽ ദൈവരാജ്യനിയമങ്ങൾ പാലിച്ചേ മതിയാവൂ. അത് പഠിപ്പിക്കുന്ന ശ്രേഷ്ഠ ഗുരുവാണ് യേശുകർത്താവ്. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ പഠിപ്പിക്കുന്ന ക്രിസ്തുവാകുന്ന ഗുരു, മരണാനന്തര ജീവിതത്തെക്കുറിച്ചു ആധികാരികമായി പഠിപ്പിക്കുവാൻ അർഹനായ ഒരേ ഒരു ഗുരു, നിസ്തുലനായ യേശുക്രിസ്തു!

ഞാൻ പ്രാപിച്ചത് കർത്താവിൽ നിന്നാണെന്നും, പ്രമാണികൾ എനിക്ക് ഒന്നും ഗ്രഹിപ്പിച്ചു തന്നിട്ടില്ല എന്നും ക്രിസ്തുവിന്റെ ഉത്തമ ശിഷ്യനായ പൗലോസ് പറയുവാൻ കാരണം കർത്താവിൽ നിന്ന് താൻ പഠിച്ചു എന്നുള്ളതു കൊണ്ടാണ്. 'എന്നോട് പഠിപ്പിൻ' എന്നാണ് ശിഷ്യന്മാരോട് കർത്താവ് ആവശ്യപ്പെടുന്നത്. മാനവസമൂഹത്തിനു മുഴുവനുമുള്ള ഒരേയൊരു ഉപദേഷ്ടാവ് ക്രിസ്തുവാണ്. തന്നെപ്പോലെ തന്നെ തന്റെ എല്ലാ ശിഷ്യന്മാരും ആകണം എന്നാണ് ക്രിസ്തുവെന്ന ഗുരുവിന്റെ ആഗ്രഹം. എന്താണ് ഗുരുവിനെപ്പോലെ ആവുക എന്നത് കൊണ്ടർത്ഥമാക്കുന്നത്? ഗുരുവിനെപ്പോലെ ആവുക എന്നുവച്ചാൽ യേശു ചെയ്തതുപോലെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തുകൊണ്ട് ജീവിക്കുക എന്നല്ല. മറിച്ച്, സൗമ്യതയും താഴ്മയും ഉള്ളവരായി ക്രിസ്തുവിന്റെ എല്ലാ ദിവ്യസ്വഭാവങ്ങളും തന്നിൽ നിന്നും പഠിച്ചു പ്രാവർത്തികമാക്കുക എന്നുള്ളതാണ്.

ലോകത്തിലെ പ്രധാന സംഭവങ്ങൾ നാം അറിയുന്നത് പത്രങ്ങളിലൂടെയാണല്ലോ. നാം ഇവയ്ക്കൊന്നും ദൃക്സാക്ഷികളല്ല. എന്നാൽ പത്രങ്ങളിലൂടെ കാണുന്നു, കേൾക്കുന്നു, അറിയുന്നു. ഇതിനോടുപമിച്ചുകൊണ്ട് നമ്മെ ക്രിസ്തുവിന്റെ പത്രങ്ങളെന്നു തിരുവെഴുത്തു വിശേഷിപ്പിക്കുന്നു. അതായതു ക്രിസ്തു നമ്മിൽ ജീവിക്കുമ്പോൾ മാത്രമാണ് നമുക്ക് ക്രിസ്തുവിന്റെ വിശിഷ്ട ഗുണങ്ങളെ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിപ്പിക്കുവാൻ കഴിയുക. ഉദാഹരണത്തിന്, സൂര്യപ്രകാശം ചന്ദ്രൻ പ്രതിഫലിപ്പിക്കുന്നത് പോലെ!

നമ്മെ ക്രിസ്തുയേശുവിന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളാകുവാൻ ദൈവം വിളിച്ചിരിക്കുന്നു. ആകയാൽ നമ്മുടെ സ്വന്ത ഇഷ്ടങ്ങളും താൽപ്പര്യങ്ങളും പരിത്യജിച്ചു ക്രിസ്തുവിനെ നേടുന്നതിലൂടെ മാത്രമേ അവിടുത്തെ ദിവ്യസ്വഭാവങ്ങൾ സൗരഭ്യവാസന എന്നപോലെ ലോകത്തിൽ നമ്മുടെ സമസൃഷ്ടങ്ങളിലേക്കു പകരുവാൻ കഴിയൂ. യേശു കർത്താവു എപ്രകാരം പ്രതികരിക്കുന്നുവോ അപ്രകാരം ഏതു സാഹചര്യത്തിലും ഏതു വ്യക്തിയോടും സമൂഹത്തോടും നമുക്ക് പ്രതികരിക്കുവാൻ കഴിയുമ്പോൾ മാത്രമാണ് നാം ക്രിസ്തുവിൻ പത്രങ്ങളായും സൗരഭ്യവാസനയായും മറ്റുള്ളവർക്ക് അനുഭവപ്പെടുക.

റോമാലേഖനത്തിൽ പൗലോസ് വിവരിക്കുന്നത് കൃപയാലും വിശ്വാസത്താലും ഉള്ള സൗജന്യമായ നീതീകരണം എന്ന അത്യത്ഭുത വിഷയം ആണ്. ആ ഒരു വിഷയം മനുഷ്യ ബുദ്ധിക്കോ നീതിക്കോ മനസ്സിലാവാത്തത് ആയതു കൊണ്ട് പൗലോസ് 3 ലേഖനങ്ങളിലാണ് ആ ഒരു കാര്യം വിവരിച്ചിരിക്കുന്നത്.

എന്നാൽ അതുപോലെ എബ്രായലേഖനം മുഴുവനും യേശുക്രിസ്തുവിന്റെ പൗരോഹിത്യം എങ്ങനെ പഴയ മതങ്ങളെയും ആചാര വ്യവസ്ഥകളെയും നിർവീര്യമാക്കി എന്നത് വിശദമാക്കാനാണ് എഴുതിയിരിക്കുന്നത്. യേശുക്രിസ്തുവിന്റെ പൗരോഹിത്യം ഉയരത്തിൽ നിന്നുള്ള പിതാവിന്റെ ആണയോടു കൂടി ഉള്ള പെർഫെക്റ്റ് ആയ ഒരു പൗരോഹിത്യം ആണ്. അത് ആരംഭവും അവസാനവും ഇല്ലാതെ എന്നെന്നേക്കും നില നിൽക്കുന്നതാണ്.

**എബ്രായർ 5:6-10.** യേശുക്രിസ്തുവിന്റെ പൗരോഹിത്യം വേദന നിറഞ്ഞ കഠിനമായ ഒരു അധ്വാനം തന്നെ ആയിരുന്നു. മനുഷ്യന്റെ പാപത്തിന്റെ പരിഹാരത്തിന് അത്രയും വലിയ ഒരു അദ്ധ്വാനം ആവശ്യമായിരുന്നു, ഈ വാക്യങ്ങളിൽ നാം കാണുന്ന രണ്ടാമത്തെ വ്യക്തി മൽക്കിസേദെക് എന്ന മഹാപുരോഹിതൻ ആണ്. സത്യത്തിൽ മൽക്കിസേദെക്, പുരോഹിതൻ എന്ന നിലയിൽ യേശുക്രിസ്തുവിന്റെ ഒരു നിഴൽ തന്നെ ആണ്. പത്താം വാക്യത്തിൽ ഇതേ കാര്യം ആവർത്തിച്ചിരിക്കുന്നു. അത് കൊണ്ടുതന്നെ 6 മുതൽ 10 വരെ ഉള്ള വാക്യങ്ങൾ നാം ഒന്നായി കാണേണ്ടതാണ്. വാക്യങ്ങളെ അതിന്റെ പശ്ചാത്തലത്തിൽ നിന്ന് അടർത്തി എടുത്തു വ്യാഖ്യാനിക്കുന്ന രീതി തെറ്റായ അനേകം ഉപദേശങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്, 7-9 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ യേശുക്രിസ്തുവിന്റെ പ്രാർത്ഥനയും നിലവിളിയും കഠിനമായ അധ്വാനവും തനിക്കു തന്നെ പാപത്തിൽ നിന്ന് രക്ഷപെടാൻ വേണ്ടി ആയിരുന്നു എന്ന രീതിയിൽ പല ആധുനിക വ്യഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലർ പറയുന്നത്, പാപത്തിൽ വീണു ആത്മ മരണം പ്രാപിക്കാതിരിക്കാൻ കർത്താവു രാത്രി കാലങ്ങളിൽ ഉറച്ച നിലവിളിയോടെ അപേക്ഷയും അഭയയാചനയും ചെയ്യുകയായിരുന്നു എന്നാണ്. യേശുക്രിസ്തു പാപം ചെയ്തു നഷ്ടപ്പെട്ട് പോകാൻ ഉള്ള ഒരു സാധ്യത ഉണ്ടായിരുന്നു എന്നും അതിൽ നിന്നും യേശു കഷ്ടിച്ച് രക്ഷപെടുകയായിരുന്നു എന്നും അവർ വ്യാഖ്യാനിക്കുന്നു, അങ്ങനെ വ്യാഖ്യാനിക്കുമ്പോൾ യേശുക്രിസ്തുവിനു ആത്മമരണം സംഭവിക്കാൻ ഉള്ള സാധ്യത ആണ് അവർ തുറന്നിടുന്നത്. ഇത് വളരെ ദൗർഭാഗ്യകരമായ ഒരു ദുരുപദേശമല്ലേ?

നാം വ്യക്തമായി മനസ്സിലാക്കേണ്ട ഒരു കാര്യം ആണ്, ആത്മമരണം എന്നത് ദൈവത്തിനു ഒരിക്കലും സംഭവിക്കില്ല എന്നത്, യേശുക്രിസ്തുവിന്റെ ശരീര യാഗത്തോടു കൂടെ ആത്മ മരണം കൂടെ സംഭവിച്ചു കർത്താവു നരകത്തിൽ ഇറങ്ങി ചെന്നു എന്ന് വിശ്വസിക്കുന്നവർ ഇന്നും അനേകർ ഉണ്ട്. ഇത് വളരെ വേദന ഉണ്ടാക്കുന്ന ഒരു ദുർവ്യഖ്യാനം ആണ്. യേശുക്രിസ്തു മരിക്കുമ്പോൾ ശരീരം യാഗമാക്കപ്പെടുന്നു, എന്നാൽ ആത്മാവ് പിതാവിന്റെ കൈയിൽ ഭരമേല്പിക്കപെടുന്നു, അത് കൊണ്ട് യേശുക്രിസ്തു എന്തിനാണ് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയ യാചനയും കഴിച്ചത് എന്ന് നാം വിശദമായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. പലരും ചോദിക്കുന്ന ഒരു ചോദ്യം, യേശുക്രിസ്തു മഹാപുരോഹിതൻ എന്ന രീതിയിൽ നമുക്കായി നിലവിളിച്ചതു ആണെങ്കിൽ 'തന്നെ മരണത്തിൽ നിന്ന് രക്ഷിപ്പാൻ' എന്ന് എന്തിനാണ് പ്രയോഗിച്ചിരിക്കുന്നത്.

ഇത് വളരെ ലളിതമായ ഒരു ചോദ്യം ആണ്. യേശുക്രിസ്തുവിനു മരണത്തിൽ നിന്നുള്ള രക്ഷ എന്ന് പറയുന്നത് പുനരുത്ഥാനം ആണ്. യേശുക്രിസ്തു പൂർണ്ണ ദൈവം ആയതു കൊണ്ട് ഏതു സമയത്തും മരണത്തിൽ നിന്ന് എണീറ്റ് പോകാൻ കഴിയുമായിരുന്നു, കർത്താവു തന്നെ പറഞ്ഞിട്ടുണ്ട് ഈ മന്ദിരം പൊളിക്കുവിൻ, ഞാൻ മൂന്നു ദിവസം കൊണ്ട് അതിനെ പണിയും' എന്ന്. അത് മാത്രമല്ല ജീവൻ വച്ച് കൊടുക്കുവാനും തിരിച്ചെടുക്കുവാനും തനിക്കു അധികാരമുണ്ടായിരുന്നു എന്ന് യേശുക്രിസ്തു തന്നെ പറഞ്ഞു; ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു എന്നും.

പിന്നെ എന്തിനാണ് ഇത്രയൂം നിലവിളിച്ചു കരഞ്ഞു, മരണത്തിൽ നിന്ന് ഭയഭക്തി മൂലം

രക്ഷപ്പെട്ടത്? അത് നമുക്ക് വേണ്ടി ആയിരുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ആണ് നമ്മുടെ നീതീകരണം. നമുക്കായി അർപ്പിക്കപ്പെട്ട ശരീരത്തെ ഉയർപ്പിക്കുന്നതു, പിതാവ് ആ യാഗവും യാഗത്തിലൂടെ വിശ്വസിക്കുന്ന നമ്മെയും അംഗീകരിച്ചു എന്നതിന് അടയാളം ആണ്.

**റോമാലേഖനത്തിൽ** ഉപദേശങ്ങളെ വിശദീകരിക്കുമ്പോൾ ഈ കാര്യം രണ്ടു പ്രാവശ്യം എങ്കിലും പറഞ്ഞിട്ടുണ്ട്. 4: 24 ...'നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന'... 25 'നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ'. പിന്നീട് പത്താം അധ്യായത്തിലേക്കു വരുമ്പോൾ പൗലോസ് ഇത് ആവർത്തിക്കുന്നു. **10: 9** 'യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും'. 10 'ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു'. പുനരുത്ഥാനത്തിലുള്ള വിശ്വാസം നമ്മുടെ നീതീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നത് ഇവിടെ വളരെ വ്യക്തമാണ്,

അതുകൊണ്ട് യേശുക്രിസ്തു മരണത്തിൽ നിന്ന് സ്വയം രക്ഷപ്പെടാൻ ശ്രമിക്കാതെ പിതാവിനെ ഭരമേല്പിച്ചു, എന്നിട്ടു നമ്മുടെ സ്ഥാനത്തു നിന്ന് ഒരു പുരോഹിതനെ പോലെ തന്റെ ജനത്തെ ഓർത്തു നിലവിളിച്ചു. യേശുക്രിസ്തുവിനെ പിതാവ് മരണത്തിൽ നിന്ന് വിടുവിക്കുമ്പോൾ, പുനരുത്ഥാനം ചെയ്യിക്കുമ്പോൾ നമുക്ക് വേണ്ടി കഴിക്കപ്പെട്ട ആ യാഗത്തെ പിതാവ് അംഗീകരിക്കുകയായിരുന്നു. അതുകൊണ്ട് നമ്മുടെ പാപങ്ങൾ ആ യാഗത്തിൽ അവസാനിക്കുകയും ദൈവം നമ്മെ നീതിമാന്മാരായ എന്റെ മക്കൾ എന്ന് വിളിക്കുകയും ചെയ്തു. അതു കൊണ്ട് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം നമ്മുടെ നീതീകരണം ആണ്,

**എബ്രായർ 5: എട്ടും ഒൻപതും** വാക്യങ്ങളിൽ യേശുക്രിസ്തു കഷ്ടങ്ങളിലൂടെ അനുസരണം പഠിച്ച കാര്യം പറയുന്നുണ്ട്. അതും മഹാപൗരോഹിത്യത്തിന്റെ ഭാഗം ആയിരുന്നു, സ്വർഗത്തിൽ തേജസ്സോടെ വസിച്ച, ഒരു ഊനവും ഇല്ലാത്ത ദൈവമായ പുത്രൻ എന്തിനാണ് അനുസരണം പഠിക്കുന്നത്? എന്തിനാണ് അതിനായി കഷ്ടം സഹിക്കുന്നത്? യോഹന്നാൻ സ്നാപകനും അതേ തരത്തിൽ ഉള്ള ഒരു ചോദ്യം യേശു കർത്താവിനോട് ചോദിച്ചിരുന്നു, നീ എന്തിനാണ് എന്റെ കൈക്കീഴിൽ സ്നാനം എല്ക്കുന്നത്? അപ്പോൾ കർത്താവു പറഞ്ഞ മറുപടി 'ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതമല്ലോ' എന്നാണ്. യേശുക്രിസ്തുവിനു ഒരു നീതി നിവർത്തിക്കേണ്ടതുണ്ടായിരുന്നു. ഇതിനെ യേശുക്രിസ്തുവിന്റെ ആക്റ്റീവ് അനുസരണം എന്നാണ് പറയുന്നത്. കഷ്ടം സഹിക്കുന്നത് പലപ്പോഴും പാസ്സീവ് ആയ അനുസരണം ആണ്. എന്നാൽ അനുസരണം പഠിക്കുന്നത് ഒരു നീതി ഉണ്ടാകുന്നതിനു വേണ്ടി ആണ്.

**ദൈവപുത്രൻ തന്നെ ഇറങ്ങി വന്നു അത് അനുഭവിച്ചില്ലായിരുന്നെങ്കിൽ നമ്മെ രക്ഷിക്കാൻ ആരും ഉണ്ടാവുമായിരുന്നില്ല. അങ്ങനെ കർത്താവു തന്റെ അനുസരണത്താൽ, മരണത്താൽ, പുനരുത്ഥാനത്താൽ നമുക്ക് എല്ലാവർക്കും രക്ഷയ്ക്ക് കാരണമായിത്തീർന്നു....**

ഒന്നാം ആദം അനുസരിക്കാതെ വളരെ പെട്ടെന്ന് തന്നെ പ്രലോഭനങ്ങളിൽ വീണു ശാപഗ്രസ്തനായി. യേശുക്രിസ്തു അനുഭവിച്ച കഷ്ടങ്ങളും പോരാട്ടങ്ങളും ഒന്നും അനുഭവിക്കാതെ തന്നെ വളരെ വേഗം ആദം പാപത്തിൽ വീണു. ലോകത്തിൽ ഏതു സൃഷ്ടി ആയാലും വീണു പോകാവുന്ന കഷ്ടങ്ങൾ ആണ് കർത്താവു അനുഭവിച്ചത്. എന്നാൽ ദൈവപുത്രൻ തന്നെ ഇറങ്ങി വന്നു അത് അനുഭവിച്ചില്ലായിരുന്നെങ്കിൽ നമ്മെ രക്ഷിക്കാൻ ആരും ഉണ്ടാവുമായിരുന്നില്ല. അങ്ങനെ കർത്താവു തന്റെ അനുസരണത്താൽ, മരണത്താൽ, പുനരുത്ഥാനത്താൽ നമുക്ക് എല്ലാവർക്കും രക്ഷയ്ക്ക് കാരണമായി തീർന്നു. യഥാർത്ഥത്തിൽ ഇതാണ് യേശുക്രിസ്തു എന്ന മഹാപുരോഹിതൻ ചെയ്തത്. ●

അനർത്ഥം അവർക്കു വരുത്തിയില്ല (യോനാ 3:10). “യോനായ്ക്ക് ഇതു അത്യന്തം അനിഷ്ടമായി!” (യോനാ 4:1). ഏത്? ദൈവം നിനെവേ പട്ടണത്തെ ആകാശത്തുനിന്ന് അഗ്നിയിറക്കി ചുട്ടുകളയാഞ്ഞത്! എന്തൊരു കഷ്ടം! യോനാ പറയുന്നത് രസകരമാണ്! “എനിക്കറിയാമായിരുന്നു നീ ഇതുതന്നെ ചെയ്യുമെന്ന്.....നീ കൃപയും കരുണയുമൊക്കെയുള്ള മഹാദൈവമാണ്... നോക്ക് ഞാനിവരോടു പറഞ്ഞ വാക്കൊക്കെ പാഴ്വാക്കായില്ലേ. നാല്പതു ദിവസം കഴിയുമ്പോൾ ഈ പട്ടണം നശിക്കുമെന്നാണ് ഞാൻ പ്രവചിച്ചത്... അവരൊന്നു കരഞ്ഞപ്പോഴേക്കും നിനക്കു മനസ്സലിവായി.... എന്റെ വാക്കിനു വിലയില്ലാതായി.... കൊച്ചുപിള്ളേർപോലും ഇപ്പോൾ എന്നെ കളിയാക്കുകയാണ്! നിനക്കവരെയങ്ങു കൊന്നാലെന്താ? എനിക്കിങ്ങനെ നാണം കെട്ടു ജീവിക്കാൻ വയ്യ ..... ഒന്നുകിൽ നീ അവരെ കൊല്ലണം... അല്ലെങ്കിൽ പിന്നെ നീ എന്നെയങ്ങു കൊല്ല്... ‘യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ.’... ഇങ്ങനെ നാണംകെട്ടു ജീവിക്കുന്നതിനേക്കാൾ മരിക്കുന്നത് എനിക്കു നന്ന്

“നീ കോപിക്കുന്നതു വിഹിതമോ” ദൈവം ചോദിച്ചു (യോനാ 4:4). യോനാ ഉത്തരമൊന്നും പറഞ്ഞില്ല. അവൻ എല്ലാം കെട്ടിപ്പെറുക്കി നഗരത്തിനു കിഴക്ക് നഗരത്തിനു പുറത്തുചെന്ന് ഒരു കുടിലുകെട്ടി നഗരത്തിന് എന്തുസംഭവിക്കുമെന്നു നോക്കിയിരുന്നു (യോനാ 4: 5). യോനാ പറയുന്നത് ഏതാണ്ടിങ്ങനെയാണ്: ‘ദൈവമെ, ഞാൻ നിനക്കു പ്രവർത്തിക്കാൻ അല്പസമയം കൂടെ തരാം. നിന്റെ മനസ്സലിവിനെക്കുറിച്ച് നീയൊന്ന് അനുതപിച്ചിരുന്നെങ്കിൽ.... ദുഷ്ടന്മാരായ സോദോമ്യരെ നീ നശിപ്പിച്ചത് മറന്നുപോയോ.... പ്ലീസ്.... അതുപോലെ ഈ നിനെവേക്കുമേലും നീ നിന്റെ അഗ്നിയിറക്ക്... യഹോവയുടെ ശത്രുക്കൾ വെന്തുചാകുന്നത് ഞാനൊന്നു കണ്ടു സന്തോഷിക്കട്ടെ...’

യോനായെ അവന്റെ സങ്കടത്തിൽനിന്നു വിടുവിക്കാൻ ദൈവം ഒരു ആവണക്കിനെ കല്പിച്ചുണ്ടാക്കി– ആവണക്ക് അവനു തണൽ കൊടുത്തു... യോനായ്ക്ക് വലിയ സന്തോഷം തോന്നി! പാവം മനുഷ്യൻ! ചില്ലറക്കാര്യങ്ങൾ മതി സന്തോഷിക്കാൻ... ചില്ലറക്കാര്യങ്ങൾ മതി കോപിക്കാനും! എന്നാൽ ആവണക്ക് ഒരു ദിവസത്തേക്കെ ഉണ്ടായിരുന്നുള്ളൂ. എന്റെ ജനമായ

**ഈ പാവങ്ങൾ അവർക്ക് തിരുവെഴുത്തില്ല, സന്ദേശം പറയാൻ പ്രവാചകരില്ല... നിന്നെ ഞാൻ പറഞ്ഞയച്ചിട്ട് നീ അവരോടു മാനസാന്തരം പ്രസംഗിച്ചില്ല. എന്നിട്ടും അവർ മാനസാന്തരപ്പെട്ടു; അനുതപിച്ചു... ഇല്ല.... എനിക്കവരെ നശിപ്പിക്കാൻ കഴിയില്ല... നിന്റെ ചിന്ത നിന്റെ തണൽ – സുഖം മാത്രം! എന്റെ മനസ്സിൽ ജനങ്ങളാണ് – ജനങ്ങൾ!**

യിസ്രായേല്യരുണ്ടല്ലോ...നിന്റെ കൂട്ടുകാർ... അവർക്ക് ന്യായപ്രമാണമുണ്ട്, പ്രവാചകന്മാരുണ്ട്, ദൈവാലയമുണ്ട്, പുരോഹിതന്മാരുണ്ട്... എന്നിട്ടും അവർ എന്റെ വഴിയിൽ നടക്കുന്നില്ല... ഈ പാവങ്ങൾ അവർക്ക് തിരുവെഴുത്തില്ല, സന്ദേശം പറയാൻ പ്രവാചകരില്ല... നിന്നെ ഞാൻ പറഞ്ഞയച്ചിട്ട് നീ അവരോടു മാനസാന്തരം പ്രസംഗിച്ചില്ല. എന്നിട്ടും അവർ മാനസാന്തരപ്പെട്ടു; അനുതപിച്ചു... ഇല്ല.... എനിക്കവരെ നശിപ്പിക്കാൻ കഴിയല്ല... നിന്റെ ചിന്ത നിന്റെ തണൽ – സുഖം മാത്രം! എന്റെ മനസ്സിൽ ജനങ്ങളാണ് – ജനങ്ങൾ!

ദൈവം എന്നോടു പറഞ്ഞതും അതാണ്. ധാർമികമായി അജ്ഞരായ ജനങ്ങൾ നരകത്തിൽ പോകുന്നത് ദൈവത്തിനു സന്തോഷമൊന്നുമല്ല... ഓരോ വ്യക്തിയും നരകത്തിലേക്കു പോകുമ്പോഴും ദൈവമനസ്സ് വേദനിക്കുന്നു...എന്നാൽ എന്താണ് നിന്റെ വേദന? ആവണക്കോ? സുഖങ്ങളോ? സൗകര്യങ്ങളോ? ദൈവമേ! ആവണക്കിനുവേണ്ടി ദൈവത്തോടു വഴക്കടിക്കുന്ന ഞാൻ എന്തൊരു നികൃഷ്ടനാണ്?

ധാർമികമായി അജ്ഞരായിരിക്കുന്ന ജനങ്ങളെയോർത്ത് വേദനിക്കാൻ ദൈവം നമ്മെ പഠിപ്പിക്കട്ടെ. നമ്മുടെ സുഖങ്ങൾക്കായി ജീവിച്ച, കഴിഞ്ഞകാലത്തെ ദൈവം ക്ഷമിക്കട്ടെ. ഇനി നമ്മുടെ വേദനയും പ്രാർത്ഥനയും പ്രവർത്തനങ്ങളും നഷ്ടപ്പെടുന്ന ആത്മാക്കൾക്കുവേണ്ടിമാത്രം ആകട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം! •

# മാലിന്യസംസ്ക്കരണത്തിന്റെ അനിവാര്യത

മുൻവർഷങ്ങളിലേതു പോലെ തന്നെ ഈ വർഷവും വിവിധ പത്രമാധ്യമങ്ങളിൽക്കൂടി കേരളത്തിൽ രോഗങ്ങൾ പെരുകുന്നു എന്നതിനെക്കുറിച്ച് തുടർച്ചയായി വാർത്തകൾ കണ്ടുവരുന്നു. മലീമസമായ അന്തരീക്ഷത്തിൽ ഉപദ്രവകാരികളായ രോഗാണുക്കൾ പെരുകുന്നു. ഈ സൂക്ഷ്മജീവികൾ മനുഷ്യജീവിതത്തെത്തന്നെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. തൽഫലമായി ഇന്ന് ധാരാളമാളുകൾ വിവിധ തരം പകർച്ചവ്യാധികൾ കൊണ്ട് മരണമടയുന്നു. കേരളത്തിൽ പകർച്ചവ്യാധികൾ പടരുന്നു. ഓരോ ദിവസവും മരണസംഖ്യ ഏറിവരുന്നു. ആരോഗ്യരംഗത്ത് തികച്ചും സംഭ്രമജനകമായ സ്ഥിതിവിശേഷം! മാലിന്യം വലിച്ചെറിയുന്നതു പലരെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ വിഷയം അല്ലാതായിരിക്കുന്നു. എന്നാൽ അതിന്റെ പ്രത്യാഘാതം നമ്മുടെ ആവാസവ്യവസ്ഥയിൽ ചില ഗുരുതരമായ ദോഷഫലങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. മാലിന്യം തള്ളുന്നതിന്റെ കാരണവും തൽഫലമായുള്ള ദോഷഫലങ്ങളും തിരിച്ചറിയേണ്ടത് അനിവാര്യമാണ്.

തെറ്റായരീതിയിൽ, അനുവാദമില്ലാതെ, അനുയോജ്യമല്ലാത്ത സ്ഥലത്ത് മാലിന്യം തള്ളുന്നതാണ് ഏറെയും കണ്ടുവരുന്നത്. സാധാരണയായി അലുമിനിയം ക്യാനുകൾ, പേപ്പർ കപ്പുകൾ, ഭക്ഷണ മാലിന്യങ്ങൾ , ഹാർഡ്ബോർഡ് ബോക്സുകൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയാണ് കരയിൽ തള്ളുന്ന മാലിന്യങ്ങൾ. കടലിൽ ഓരോ ദിവസവും നേരിട്ടോ അല്ലാതെയോ വലിയ അളവിൽ മാലിന്യങ്ങൾ ഒഴുകിയെത്തുന്നു. മത്സ്യസമ്പത്തിനെപ്പോലും നശിപ്പിക്കുവാൻ പര്യാപ്തമായ മാലിന്യശേഖരം ഇപ്പോൾ ത്തന്നെ കടലിനടിയിലുണ്ട്. സമുദ്രജലത്തിൽ നിന്നുൽപ്പാദിപ്പിക്കുന്ന ഉപ്പിലും പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം ഉണ്ടെന്നു റിപ്പോർട്ടു ചെയ്യുന്നു. ഭക്ഷണാവശിഷ്ടങ്ങൾ പ്ലാസ്റ്റിക്, പേപ്പർ, ഉപയോഗശൂന്യമായ പാദരക്ഷകൾ, എന്നിങ്ങനെ വിവിധതരം മാലിന്യങ്ങൾ ആണ് സാധാരണയായി കടലിൽ അടിഞ്ഞുകൂടുന്നത്. അന്തരീക്ഷത്തിലാകട്ടെ, മൂക്കുപൊത്താതെ നടന്നുനീങ്ങാൻ കഴിയാത്തവിധം ദുർഗന്ധം വമിപ്പിക്കുന്ന ചീഞ്ഞഴുകിയ മാലിന്യങ്ങൾ. പ്ലാസ്റ്റിക് തുടങ്ങിയ വസ്തുക്കൾ കത്തിക്കുമ്പോൾ പടരുന്ന പുക ആരിലെല്ലാം ഏതെല്ലാം തരത്തിലുള്ള രോഗങ്ങൾക്ക് കാരണമാകുന്നു എന്ന് പ്രബുദ്ധ മനസുകൾ ചിന്തിക്കുകയോ മനസിലാക്കുകയോ ചെയ്യുന്നുണ്ടോ?

കേരളജനത തങ്ങൾ പ്രബുദ്ധരെന്നു അഭിമാനിക്കുമ്പോഴും കോഴിക്കടകളിലെയും മീൻകടകളിലെയും എന്നുവേണ്ട ശുചിമുറി മാലിന്യങ്ങൾ ഉൾപ്പെടെ എന്തും എവിടെയും വലിച്ചെറിയുവാൻ കാണിക്കുന്നമനോഭാവം എത്ര അപലനീയവും ലജ്ജാകരവുമാണ്. അലസതയും അശ്രദ്ധയും പതിവായി മാലിന്യം വലിച്ചെറിയുന്ന ഒരു ദുഷിച്ച സംസ്കാരം വളർത്തിയെടുത്തു. സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മാലിന്യം ശേഖരിക്കുവാൻ ഉള്ള ക്രമീകരണങ്ങൾ വേണ്ടും വിധം ചെയ്യാത്തതും മാലിന്യം വെളിയിൽ തള്ളുവാൻ ആളുകളെ നിർബന്ധിതരാക്കുന്നു.

മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞതുകൊണ്ടാണ് നിലവിലുള്ള പല നിയമങ്ങളും ഉണ്ടാക്കിയിട്ടുള്ളത് എന്ന് വിസ്മരിക്കുന്നില്ല. മനുഷ്യസമൂഹം പെരുകുന്നതനുസരിച്ച് മാലിന്യത്തിന്റെ അളവുകൂടും. അങ്ങനെയെങ്കിൽ പ്രകൃതിയുടെ നിലനിൽപ്പിന് ദോഷകരമാകുന്ന വസ്തുക്കളെ അമിതമായി ഉൽപാദിപ്പിക്കുന്ന മനുഷ്യസമൂഹം പുരോഗമിക്കുന്നു എന്ന് പറയാൻ പറ്റില്ല.

നിയമങ്ങളെയും സംസ്ഥാന നയങ്ങളെയും അടിസ്ഥാനപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. നിയമങ്ങളുടെ നടത്തിപ്പുമായി നോക്കുമ്പോൾ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്കപ്പുറം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വലിയ പങ്കുണ്ട്. മാലിന്യസംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുവായും, വീടുകളെ കേന്ദ്രീകരിച്ചു പ്രത്യേകമായും പദ്ധതികൾ തയ്യാറാക്കണം. വലിയ നഗരങ്ങളിൽ അന്താരാഷ്ട്രനിലവാരമുള്ള മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചു, ഈ പ്രശ്നം ശ്രദ്ധാപൂർവ്വം വിജയകരമായി പരിഹരിക്കാവുന്നതാണ്. എത്രയോ വികസിത വികസ്വര രാജ്യങ്ങളിൽ വിജയകരമായി മാലിന്യസംസ്കരണം നടത്തുന്നുണ്ട് എന്നതു നാം കാണാതെ പോകരുത്. ജനങ്ങളെ ബോധവൽക്കരിച്ചും സഹകരിപ്പിച്ചും കൊണ്ടു വ്യത്യസ്ത തലങ്ങളിലുള്ള സർക്കാരുകൾ തികഞ്ഞ ഏകോപനത്തോടെ പൂർത്തിയാക്കേണ്ടുന്ന ഈ പ്രക്രിയ ഇനിയും വൈകിക്കൂടാ. •

# ക്ഷമിക്കുന്ന മനസ്സ് ക്രിസ്തീയതയുടെ മുഖമുദ്ര

കഠിനഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന അക്രമവാസനകളും അടിപിടിയും കൊലപാതകവും സമൂഹത്തിൽ ഏറെ അസ്വസ്ഥത വിതയ്ക്കുന്ന കാലമാണിപ്പോൾ. മറ്റുള്ളവരോട് ക്ഷമിക്കാൻ കഴിയാത്തതു കൊണ്ടാണ് പല പ്രശ്നങ്ങളും ആത്മികരുടെ ഇടയിലും വർദ്ധിക്കുന്നത്. ക്രിസ്തുവിന്റെ ക്രൂശ് നൽകുന്ന ഏറ്റവും വലിയ സന്ദേശം സമാധാനവും ക്ഷമയും ആണ്.

യേശുക്രിസ്തുവിന്റെ പർവ്വതപ്രസംഗത്തിലെ വാക്കുകൾ സ്വർഗ്ഗത്തോളം ഉന്നതമാണ്. അവിടുന്ന് അരുളിച്ചെയ്തത് ഇപ്രകാരം: 'കൂട്ടുകാരനെ സ്നേഹിക്കുക എന്നും ശത്രുവിനെ പകയ്ക്കുക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; ഞാനോ നിങ്ങളോടു പറയുന്നത്; നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പീൻ' (മത്തായി 5:43,44) കർത്താവ് കൽപ്പിച്ച മറ്റൊരു കാര്യവും ഇതോടൊപ്പം ചേർത്ത് ചിന്തിക്കേണ്ടതാണ്. അത് ഇങ്ങനെ: 'നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിപ്പീൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല' (മർക്കോസ് 11:25,26).

നമ്മുടെ ആത്മീയതയുടെ അടിസ്ഥാനം മറ്റുള്ളവരോട് ക്ഷമിക്കുക എന്ന ദൈവകൽപ്പനയിൽ അധിഷ്ഠിതമാണെന്നാണ് കർത്താവ് പഠിപ്പിച്ചത്. സഹോദരൻ എത്രവട്ടം എന്നോട് തെറ്റ് ചെയ്താൽ ഞാൻ ക്ഷമിക്കണം? ഏഴ് പ്രാവശ്യമോ? എന്ന പത്രോസിന്റെ ചോദ്യത്തിനുള്ള യേശുവിന്റെ മറുപടി നമ്മുടെ കണ്ണുകൂടി തുറപ്പിക്കാൻ ആണ്. യേശു പറയുന്നത് 7 പ്രാവശ്യമെന്നല്ല ഏഴ് 70 പ്രാവശ്യമെന്നാണ്. അതെ, സഹോദരൻ ചെയ്ത തെറ്റ് നാം ക്ഷമിക്കാഞ്ഞാൽ നമുക്ക് ദൈവസന്നിധിയിൽ നിൽപ്പാൻ അവകാശമില്ല എന്നു സാരം! ക്ഷമിക്കാത്ത മനസ്സ് ദൂരവ്യാപക പ്രശ്നങ്ങൾ വരുത്തിവയ്ക്കും. ആത്മസംഘർഷം, അസ്വസ്ഥത, ഭീരുത്വം, നിരാശ ഇവയൊക്കെ ക്ഷമിക്കാത്ത മനസ്സിന്റെ ബൈപ്രൊഡക്ടുകൾ അത്രേ! അത് ചിലപ്പോൾ ആത്മിക മരണത്തിലേക്കും ശാരീരിക മരണത്തിലേക്കും കൊണ്ടെത്തിക്കുവാനും ഇടയാകും. 1999 ജനുവരി 23 ന് ഒറീസയിൽ ക്രിസ്തുവിരോധികളുടെ കയ്യാൽ രക്തസാക്ഷിത്വം വരിച്ച ഗ്രഹാം സ്റ്റെയിൻസിന്റെയും അരുമ മക്കളായ ഫിലിപ്പിന്റെയും തിമോത്തിയുടെയും സംസ്കാരവേളയിൽ ഗ്ലാഡിസ് സ്റ്റെയിൻസ് പറഞ്ഞ വാക്കുകൾ മനസ്സിൽ മുഴങ്ങുന്നു. അത് ഇങ്ങനെ ആയിരുന്നു: 'ഞാൻ എന്റെ ഭർത്താവിന്റെയും രണ്ടു മക്കളുടെയും ഘാതകരോട് ക്ഷമിച്ചിരിക്കുന്നു. യേശുക്രിസ്തു ക്ഷമിച്ചതുപോലെ ഞാനും ക്ഷമിക്കുന്നു'. ഉവ്വ്, ക്ഷമിക്കുന്ന മനസ്സാണ് ക്രിസ്തീയതയുടെ മുഖമുദ്ര!

-എംസി

**Bank Account Details:**
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

